

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കടമ്പനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി10-1223/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 25/11/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടമ്പനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടമ്പനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടമ്പനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെട്ടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി10-1223/25 തീയ്യതി: 25/11/2025

പത്തനംതിട്ട ജില്ലയിലെ കടമ്പനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കടമ്പനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.രഞ്ജിത്ത് കുമാർ ആർ	ഡെപ്യൂട്ടി ഡയറക്ടർ	06-10-2025	17-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-10-2025	17-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സൂര്യപ്രഭ പി.സി., ഓഡിറ്റ് ഓഫീസർ
ശ്രീ.പി.അനിൽകുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരികുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി നിഷ റ്റി.വി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി പ്രിയങ്ക പ്രതാപ്	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.ജയൻ ജോണി	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സബ്ന സൈനുദ്ദീൻ	കൃഷി ഓഫീസർ	01-04-2024	16-12-2024
ശ്രീ.ഷിബിൻ ഷാജ്	കൃഷി ഓഫീസർ	17-12-2024	31-03-2025
ഡോ.ഷാജി റഹ്മാൻ	വെറ്ററിനറി സർജൻ	01-04-2024	21-07-2024
ഡോ.ബിജി	സീനിയർ വെറ്ററിനറി സർജൻ	22-07-2024	31-03-2025
ഡോ. രചന	മെഡിക്കൽ ഓഫീസർ പി.എച്ച്.സി	01-04-2024	31-03-2025
ഡോ.കൃഷ്ണ കുമാർ	ചീഫ് മെഡിക്കൽ ഓഫീസർ, ആയൂർവേദം	01-04-2024	31-03-2025
ശ്രീമതി അനുശ്രീ.എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025

ശ്രീമതി പ്രസന്നകുമാരി.ഡി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീ.ബാബു ഡാനിയേൽ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ.സുരേഷ് കുമാർ ആർ	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2024	31-03-2025
ശ്രീമതി ലൂസി പി...എം	ഹെഡ്മിസ്ട്രസ്സ്	01-04-2024	05-08-2024
ശ്രീമതി ബിന്ദു.ബി.എസ്.	ഹെഡ്മിസ്ട്രസ്സ്	06-08-2024	31-03-2025
ശ്രീമതി ശ്രീജ.എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	05-08-2024
ശ്രീമതി ശരണ്യ.എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	06-08-2024	19-08-2024
ശ്രീമതി ലത	ഐ.സി.ഡി.എസ് സൂപ്പർവൈസർ	19-08-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	തൊഴിലുറപ്പ് പദ്ധതി- തനത് ഫണ്ടിലേയ്ക്ക് റീകൂപ്പ് ചെയ്യാനുള്ള തുക കൃത്യമല്ല	1-1-3
5	ഷെഡ്യൂൾ ബി-1 തുകയുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല	1-1-4
6	കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - തുക ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല	1-1-5
7	അക്രൂവൽ വരവുകളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-6
8	ഹെൽത്ത് ഗ്രാന്റ്- പലിശ അക്കൗണ്ട് ചെയ്തില്ല	1-1-7
9	ആസ്തികളുടെ അക്കൗണ്ടിങ് കൃത്യമല്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഗ്രാന്റ് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമ പദ്ധതികൾ	1-7
16	ക്യാഷ് ബാലൻസ് പരിശോധന	1-8
17	ആഭ്യന്തര നിയന്ത്രണം	1-9
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	അനർഹമായ ഇളവ് നൽകി വസ്തുനികുതി നിർണ്ണയിച്ചു	1-11
20	അനധികൃതമായി നിർമ്മിച്ച സെല്ലാർ നില ക്രമവത്ക്കരിച്ചില്ല	1-12
21	അധിക അളവിൽ മണ്ണ് നീക്കം ചെയ്യുന്നതിന് ചട്ടവിരുദ്ധമായി പെർമിറ്റ് അനുവദിച്ചു	1-13
22	മിനറൽ ട്രാൻസിറ്റ് പാസ്സ് അനുവദിച്ചതിന് ശേഷം പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല.	1-14
23	ലേലക്കുടിശ്ശിക- ഈടാക്കുവാനുള്ളത് 19.06 ലക്ഷം രൂപ	1-15
24	ക്രമവിരുദ്ധമായി ലേലം ഉറപ്പിച്ചു - പഞ്ചായത്തിനു നഷ്ടം 10.22 ലക്ഷം രൂപ	1-16

25	ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയില്ല	1-17
26	വാടക പൂർണ്ണമായി അടവാക്കിയില്ല	1-18
27	തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു	1-19
28	കെ-സ്വിഫ്റ്റ് സാക്ഷ്യപത്രത്തിന്റെ കാലാവധി അവസാനിച്ചിട്ടും ലൈസൻസ്, കെട്ടിട നമ്പർ എന്നിവ ഉറപ്പു വരുത്തുന്നില്ല	1-20
29	പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-21
30	UPI അക്കൗണ്ടിലെ തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് യഥാസമയം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നില്ല	1-22
31	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാൻ അവശേഷിക്കുന്നു	1-23
32	കുടിവെള്ള വിതരണം - 1.24ലക്ഷം രൂപ അധികം നൽകി	1-24
33	തെരുവ് വിളക്ക് പരിപാലനം - ചെലവ് സുതാര്യമല്ല	1-25
34	ഗുണനിലവാരമില്ലാത്ത അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തു	1-26
35	എള്ളുംവിള അങ്കണവാടിയുടെ വാടക – വകുപ്പിൽനിന്ന് ലഭിക്കുന്ന തുക അപര്യാപ്തം	1-27
36	അങ്കണവാടികളുടെ കണ്ടിജൻസി ചെലവുകൾ - സർക്കാർ നിർദ്ദേശം പാലിച്ചില്ല	1-28
37	മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു	1-29
38	പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല	1-30
39	ലൈഫ് ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു	1-31
40	റിക്കവറി തുക അസിസ്റ്റന്റ് എൻജിനീയറുടെ വ്യക്തിഗത അക്കൗണ്ടിലേയ്ക്ക് കൈമാറി	1-32
41	മരാമത്ത് പ്രവൃത്തികൾ-റ്റി.ഡി.എസ് തുകകൾ യഥാസമയം ഒടുക്കുന്നില്ല	1-33
42	കരാറിൽ ഏർപ്പെടുവാൻ കാലതാമസം- ഫൈൻ ഈടാക്കിയില്ല	1-34
43	മരാമത്ത് പ്രവൃത്തി പൂർത്തീകരിച്ചതിൽ കാലതാമസം-ഫൈൻ ഈടാക്കിയതിൽ കുറവ്	1-35
44	മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസം- മെയിന്റനൻസ് ഗ്രാന്റ് ലാപ്സായത് 88.65 ലക്ഷം രൂപ	1-36
45	പാർട്ട് ബിൽ നൽകിയ മരാമത്ത് പ്രവൃത്തി വാർഷിക പദ്ധതിയിൽ നിന്ന് ഒഴിവാക്കി	1-37
46	മണ്ണടി എൽ.പി.ബി. സ്കൂൾ പ്രവർത്തിക്കുന്നത് സമീപത്തെ ലൈബ്രറിയിൽ	1-38
47	ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-39
48	പ്രിന്റിങ് ചെലവുകൾ- അപാകതകൾ	1-40
49	തെരുവ് വിളക്കുകളുടെ മീറ്ററിങ്- കെ.എസ്.ഇ.ബി നിർദ്ദേശം പാലിച്ചില്ല	1-41
50	ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം യാഥാർത്ഥ്യമായില്ല	1-42

51	ജലജീവൻ മിഷൻ - അവലോകനം	1-43
ഭാഗം 2		
1	ക്രമവിരുദ്ധമായി ലേലം ഉറപ്പിച്ചു നൽകി - പഞ്ചായത്തു ഫണ്ടിനു 10.22 ലക്ഷം രൂപ നഷ്ടം	2-1
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	സ്ഥിര നിക്ഷേപം	4-5
6	വായ്പ/വായ്പ തിരിച്ചടവ്	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ (Notes On Accounts) എന്നീ പത്രികകൾ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10/06/2025-ലെ 2(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 30/06/2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കടമ്പനാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കടമ്പനാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട

25.11.2025

ഡെപ്യൂട്ടി ഡയറക്ടർ

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം, 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12179354 രൂപയാണ്. എന്നാൽ, ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+ Investing+ Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -5569541 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം, മേൽ രണ്ട് തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 തൊഴിലുറപ്പ് പദ്ധതി- തനത് ഫണ്ടിലേയ്ക്ക് റീകൂപ്പ് ചെയ്യാനുള്ള തുക കൃത്യമല്ല

തൊഴിലുറപ്പ് പദ്ധതി- തനത് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്യാനുള്ള തുക കൃത്യമല്ല. ഷെഡ്യൂൾ B-18 (Loans, Advances And Deposits)ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 2,415,469 രൂപയാണ്. യഥാർത്ഥ തുക 2206948 രൂപയാണ്.

1-1-4 ഷെഡ്യൂൾ ബി-1 തുകയുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല

ഷെഡ്യൂൾ ബി-1 (Excess Of Income Over Expenditure) പ്രകാരമുള്ള തുകയുടെ കൃത്യത വ്യക്തമായിട്ടില്ല.

1-1-5 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - തുക ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബിൽ തുകകൾ ഷെഡ്യൂൾ B-11(B) Capital Work In Progress (Head: 412010101) ൽ ഉൾപ്പടുത്തിയിട്ടില്ല.

1-1-6 അക്രൂവൽ വരവുകളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല.

1-1-7 ഹെൽത്ത് ഗ്രാന്റ്- പലിശ അക്കൗണ്ട് ചെയ്തില്ല

സ്കീം 3, 4-ലെ പലിശയിനത്തിൽ ലഭിച്ച തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

സ്കീം	വർഷം	ഉൾപ്പെടുത്താനുള്ള പലിശ
സ്കീം 3	2022-23	1893
	2024-25	317
സ്കീം 4	2022-23	3532
	2024-25	1581

1-1-8 ആസ്തികളുടെ അക്കൗണ്ടിങ് കൃത്യമല്ല

ഗ്രാമപഞ്ചായത്ത് വക ഭൂമിയുടെ മൂല്യം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.
വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം, സേവനം, ഇൻഫ്രാസ്ട്രക്ചർ എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ

രീതിയിലുള്ള ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 09.02.2024-ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 33,91,04,000 രൂപയും പ്രതീക്ഷിത ചെലവ് 33,79,46,000 രൂപയും നീക്കിയിരിപ്പ് 37,20,025 രൂപയുമാണ്.

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ് പ്രകാരം

മുന്നിരിപ്പ്	27056566
വരവ്	56966204
ആകെ	84022770
ചെലവ്	44786850
നീക്കിയിരിപ്പ്	39235920

ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മന്റ് പ്രകാരം

ആകെ വരവ്	217495935
ആകെ ചെലവ്	221867530

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (അലോട്ട്മെന്റ് ലഭിച്ചത്)	ആകെ	ചെലവ്	നീക്കിയിരിപ്പ്	ലാപ്സായ തുക
വികസന ഫണ്ട് – ജനറൽ	0	18608000	18608000	18486140		121860
വികസന ഫണ്ട് - എസ്.സി.പി	0	13056000	13056000	8095394		4960606
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (ബാങ്ക്)	3346621	7267500	10614121	1290936	9323185	

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (ട്രഷറി)	0	227674	227674	0		227674
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) (ബാങ്ക്)	3287301	3477814	6765115	1290936	9323185	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) (ട്രഷറി)	0	70943	70943	0		70943
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	0	27452000	27452000	20605422		6846578
മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ്	0	10998000	10998000	8978740		2019260

2024-25 സാമ്പത്തിക വർഷം ജനറൽ പർപ്പസ് ഗ്രാന്റ് പന്ത്രണ്ട് ഗഡുക്കളായി 17654802 രൂപ ലഭിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത ഫണ്ടുകൾ					
ഫണ്ടിനം	**മുന്നിരിപ്പ്**	**തൻവർഷ വരവ്**	**ആകെ**	**ചെലവ്**	**നീക്കി ബാക്കി**
എം.ജി.എൻ.ആർ.ഇ.ജി.എസ്	19	59781844	59781863	59781844	19
ഐ.സി.ഡി.എസ്	1562155	2517693	4079848	953476	3126372
ഹെൽത്ത് ഗ്രാന്റ് (Support For Diagnostic Infrastructure)	453080	404141	857221	435556	421665
ഹെൽത്ത് ഗ്രാന്റ് (Wellness Centre)	193562	629296	822858	185250	637608
പൈക	572607	15584	588191	0	588191
സ്വച്ഛഭാരത് അഭിയാൻ	0	216000	216000	216000	0
സംസ്ഥാനാവിഷ്കൃത ഫണ്ട്					
ഫണ്ടിനം	**മുന്നിരിപ്പ്**	**തൻവർഷ വരവ് (**	**ആകെ**	**ചെലവ്**	**നീക്കി ബാക്കി**

		അലോട്ട്മെന്റ് പ്രകാരമുള്ളത്)			
ലൈഫ് മിഷൻ (സംസ്ഥാനവിഹിതം)	1627427	0	1627427	800000	827427
നിർമ്മൽ പുരസ്കാരം	459705	9581	469286	338935	130351
ലൈബ്രറി ഗ്രാന്റ്	181369	19184	200553	33730	166823

1-5 പദ്ധതി അവലോകനം

A. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	ചെലവ് ശതമാനം
249	140553542	184	74548601	65	53.04

B. വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവു വിവരങ്ങളും

മേഖല	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
ഉൽപ്പാദന മേഖല	12143900	6419083	52.86
സേവന മേഖല	87325943	40309025	46.16
പശ്ചാത്തല മേഖല	41083699	27820493	67.72
ആകെ	140553542	74548601	53.04

C. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
1	കൃഷി ഓഫീസർ	5	5	5152200	2395038	46.49
2	വെറ്ററിനറി സർജൻ	6	6	2216700	1727182	77.92

3	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	10	7	4336806	3066281	70.7
4	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	7	7	2350000	2348850	99.95
5	വി.ഇ.ഒ.	17	15	46238393	17645180	38.16
6	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	5	5	5035000	3995703	79.36
7	സെക്രട്ടറി	29	21	8198331	6201581	75.64
8	അസിസ്റ്റന്റ് എഞ്ചിനീയർ	154	107	58881112	32919784	55.91
9	ഹെഡ് മാസ്റ്റർ	4	3	1650000	1599971	96.97
10	അസിസ്റ്റന്റ് സെക്രട്ടറി	8	4	3135000	367198	11.71
11	ഡയറി ഫാം ഇൻസ്ട്രക്ടർ	3	3	3280000	2251833	68.65
12	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	1	80000	30000	37.5
		249	184	140553542	74548601	53.04

1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	19	2237349	2237368.28	2237349	19
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	57544495	57544495	57544495	0
ആകെ	19	59781844	59781863.28	59781844	19

1-7 ക്ഷേമ പദ്ധതികൾ

പെൻഷൻ ഇനം	ഗുണഭോക്താക്കളുടെ എണ്ണം	ചെലവ് തുക

വാർദ്ധക്യകാല പെൻഷൻ	2671	36157400
വിധവാ പെൻഷൻ	1153	16156700
കർഷക തൊഴിലാളി പെൻഷൻ	155	2300000
മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ	327	4926000
അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	53	673200

1-8 ക്യാഷ് ബാലൻസ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 16.10.2025, 2.50 P.M-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരുപ്പ് തുകയായ 2690 (രണ്ടായിരത്തി അറുനൂറ്റി തൊണ്ണൂറ്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പോരായ്മകളുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. വരവുകളുടെ ഡിമാന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിൽ അപാകതയുണ്ട്. വാങ്ങിയ ഉപകരണങ്ങൾ/സാധനങ്ങളുടെ ഇൻവോയ്സ് നം., മൂല്യത്തുക, ഇനം എന്നിവ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. സ്റ്റോക്കിലെടുത്തവയുടെ വിതരണ വിവരം, വർഷാന്ത്യ നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല. ഡിമാന്റ് രജിസ്റ്റുകളിലെ വാർഷിക സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. വാർഷിക കണക്ക് പ്രകാരമുള്ള അതേ തുക രേഖപ്പെടുത്തുന്നു. സ്യൂട്ട് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്.
പദ്ധതി രൂപീകരണ നിർവ്വഹണ നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. പ്രോജക്ട് ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പരിണമിക്കുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ കരാർ രജിസ്റ്ററിൽ പി.എ.സി, പ്രവൃത്തികളുടെ പൂർത്തീകരണ കാലം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ റ്റി.ആർ 7 A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	26.02.2022	01/2022 മുതൽ 03/2022 വരെ	23.06.2022

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	12.01.2016	2010-11 മുതൽ 2014-15 വരെ	24.02.2016

1-11 അനർഹമായ ഇളവ് നൽകി വസ്തുനികുതി നിർണ്ണയിച്ചു

ശ്രീ തോമസ്കുട്ടി, തടത്തിൽ വീട്, തുവയൂർ എന്നയാളുടെ ഉടമസ്ഥതയിൽ കടമ്പനാട് വില്ലേജ് ബ്ലോക്ക് നം.14, സർവ്വേ നം.99/7-1-ലുള്ള 2547ച.മീ. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 100ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടത്തിൽ (4/108) 140.06ച.മീ. കൂട്ടിച്ചേർക്കൽ വരുത്തിയത് 12.04.2024-ൽ ക്രമവത്ക്കരിച്ച് നികുതി പുനർനിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നില	നിലവിലുണ്ടായിരുന്ന വിസ്തീർണ്ണം (ച.മീ.)	കൂട്ടിച്ചേർക്കൽ വരുത്തിയ വിസ്തീർണ്ണം (ച.മീ.)	വിനിയോഗ ഗണം	കെട്ടിട നമ്പർ
സെല്ലാർ	-	38.92	വ്യവസായികാവശ്യം	4/757
	-	40.55	പാർപ്പിടാവശ്യം	4/108
തറനിരപ്പ് നില	100	60.59	പാർപ്പിടാവശ്യം	
ആകെ	100	140.06		

നിലവിലുണ്ടായിരുന്ന 4/108 നമ്പർ കെട്ടിടത്തിന് 100ച.മീറ്ററായിരുന്നു വിസ്തീർണ്ണം. അതിൽ 140.06ച.മീ. പുതുതായി കൂട്ടിച്ചേർക്കൽ വരുത്തിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന കെട്ടിടത്തിന് 14 വർഷം പഴക്കമുണ്ട്. എന്നാൽ നികുതി പുനർനിർണ്ണയിച്ചപ്പോൾ മുഴുവൻ കെട്ടിടത്തിനും കാലപ്പഴക്കിന്റെ അടിസ്ഥാനത്തിൽ 10% ഇളവ് അനുവദിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ വസ്തുനികുതി നിർണ്ണയിച്ചതിന് ശേഷം ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ പുതിയ കെട്ടിടങ്ങൾ എന്ന നിലയിൽ പരിഗണിച്ചാണ് നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. ആയത് സംബന്ധിച്ച് 16.12.2015-ലെ സ.ഉ.(എം.എസ്.) നം.358/15/ത.സ്വ.ഭ.വ. ഉത്തരവിലൂടെ സ്പഷ്ടീകരണവും പുറപ്പെടുവിച്ചിട്ടുള്ളതാണ്. വസ്തുനികുതിയിൽ ചട്ട വിരുദ്ധമായ ഇളവ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 10/10.10.2025 നമ്പരായി ഓഡിറ്റ് എൻകൂയറി നൽകിയിരുന്നു. ടി. കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത പരിഹരിച്ച് കുടിശ്ശിക സഹിതം നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 അനധികൃതമായി നിർമ്മിച്ച സെല്ലാർ നില ക്രമവത്ക്കരിച്ചില്ല

കടമ്പനാട് വില്ലേജ് സർവ്വേ നം.326/1-1-1-ലുള്ള 202ച.മീ. പ്ലോട്ടിൽ 175.96 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീമതി ശ്രീകല, ശിവഗംഗ, മണ്ണടി എന്നയാൾക്ക് 13.06.2024-ൽ എ3-ബി.എ.(199536)/2024 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. പെർമിറ്റ് പ്രകാരമുള്ള വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.


നില	വിസ്തീർണ്ണം (ച.മീ.)
തറനിരപ്പ് നില	87.98

ഒന്നാം നില	87.98
ആകെ	175.96


കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി 03.01.2025-ൽ കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 05.02.2025-ൽ ഒക്യുപ്പൻസി അനുവദിച്ച് 6/647 എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 180.30ച.മീറ്ററാണ്. പെർമിറ്റിൽ അധികരിച്ച് നിർമ്മിച്ച 4.34 ച.മീ. ക്രമവത്ക്കരിച്ചാണ് ഒക്യുപ്പൻസി അനുവദിച്ചിട്ടുള്ളത്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നില	വിസ്തീർണ്ണം (ച.മീ.)
തറനിരപ്പ് നില	84.48
ഒന്നാം നില	84.48
രണ്ടാം നില (സ്റ്റെയർ കാബിൻ)	11.34
ആകെ	180.3

എന്നാൽ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ നിന്നും തറനിരപ്പ് നില, ഒന്നാം നില എന്നിവയ്ക്ക് പുറമെ കെട്ടിടത്തിന് അതേ വിസ്തീർണ്ണത്തിൽ സെല്ലാർ നില കൂടി നിർമ്മിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു. പ്രസ്തുത നിലയുടെ വിസ്തീർണ്ണം ബിൽറ്റ് അപ് ഏരിയയിൽ കാണിച്ചിട്ടില്ല. പെർമിറ്റിൽ അധികരിച്ചുള്ള പ്രസ്തുത നിർമ്മാണം ക്രമവത്ക്കരിക്കുന്നതിനും നടപടി സ്വീകരിച്ചില്ല.



പെർമിറ്റ് പ്ലാൻ



കംപ്ലീഷൻ പ്ലാൻ

അനധികൃതമായി സെല്ലാർ നില നിർമ്മിച്ചത് ക്രമവത്ക്കരിക്കാതെ ഒക്യുപ്പൻസി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 11/10.10.2025 നമ്പരായി ഓഡിറ്റ് എൻകൃയറി നൽകിയിരുന്നു. ടി.ഭാഗം കെട്ടിടത്തിനെ റോഡ് ലെവലിൽ ഉയർത്തുന്നതിനുള്ള ഫൗണ്ടേഷൻ കോളം ഫ്രെയിം സ്ട്രക്ച്ചർ ആണെന്നും റൂൾ 33 പ്രകാരമുള്ള ഉയരം ലഭ്യമല്ലാതിരുന്നതിനാലും വശങ്ങൾ കെട്ടി അടച്ചിട്ടില്ലാത്തതിനാലുമാണ് ബിൽട്ട് അപ്പ് ഏരിയയിൽ ഉൾപ്പെടുത്താതിരുന്നതെന്നും സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻകൃയറിയുടെ അടിസ്ഥാനത്തിൽ സൈറ്റ് പരിശോധിച്ചപ്പോൾ ടി. ഭാഗത്തിന്റെ വശങ്ങൾ അരഭിത്തി ലെവലിൽ കെട്ടി അടച്ചിരിക്കുന്നതായും ടോയ്ലറ്റ് നിർമ്മിക്കുകയും ഫ്ലോറിംഗ് നടത്തുകയും ചെയ്തിട്ടുള്ളതായും ബോധ്യപ്പെട്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

പ്രസ്തുത നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതാണെങ്കിൽ ക്രമവത്ക്കരിച്ച് നികുതി നിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ചട്ടങ്ങൾ പാലിക്കുന്നില്ലായെങ്കിൽ നിയമാനുസൃതമല്ലാത്ത നിർമ്മാണമായി കണക്കാക്കി പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-13 അധിക അളവിൽ മണ്ണ് നീക്കം ചെയ്യുന്നതിന് ചട്ടവിരുദ്ധമായി പെർമിറ്റ് അനുവദിച്ചു

കടമ്പനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 13-ൽ സർവ്വേ നം. 91/2-ലുള്ള 4020ച.മീ പ്ലോട്ടിൽ 204.72 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. സോമനാഥൻ, ചിക്കുഭവൻ, നെല്ലിമുകൾ എന്ന വ്യക്തിയ്ക്ക് 19.04.2024-ൽ A3-BA(132870)/2024 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിർമ്മാണത്തിനായി 632.8ച.മീ. ലാൻഡ് ഡെവലപ്പ് ചെയ്ത് 633ക്യു.മീ. മണ്ണ് നീക്കം ചെയ്യുന്നതിനും അനുമതി നൽകിയിട്ടുണ്ട്. 2015-ലെ കേരള മിനറൽ കൺസെഷൻ റൂൾസിലെ റൂൾ 14 സബ്റൂൾ 2(A) പ്രകാരം കെട്ടിടത്തിനും അതിനു ചുറ്റും ചട്ടപ്രകാരം ആവശ്യമായ തുറസ്സായസ്ഥലത്തിനും സുരക്ഷാ കാരണങ്ങളാൽ വേണ്ടി വരുന്ന സ്ഥലത്തിനും ആവശ്യമായ വിസ്തൃതിയിൽ മാത്രമേ ലാൻഡ് ഡവലപ്പ്മെന്റ് നടത്തി മണ്ണ് നീക്കം ചെയ്യാൻ പാടുള്ളു. ആയത് പ്ലാനുകളുടെ പരിശോധനയും സ്ഥലപരിശോധനയും നടത്തുന്ന സാങ്കേതികവിഭാഗം ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണമെന്ന് 18.09.2021-ലെ സ.ഉ.(സാധാ.) നം.1795/2021/ത.സ്വ.ഭ.വ. ഉത്തരവിലും നിഷ്ക്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പാർപ്പിട കെട്ടിടത്തിന് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 26പട്ടിക 4 പ്രകാരം ആവശ്യമായ തുറസ്സായ സ്ഥലത്തിന്റെ അളവുകളും കെട്ടിടത്തിന് ചുറ്റിലും നിന്ന് ലാൻഡ് ഡവലപ്പ്മെന്റ് ചെയ്ത് മണ്ണം നീക്കം ചെയ്യാൻ അനുമതി നൽകിയ അളവുകളും ചുവടെ ചേർക്കുന്നു.

	ചട്ടം 26 പട്ടിക 4 പ്രകാരം ആവശ്യമായ തുറസ്സായ സ്ഥലം (മീ.)	മണ്ണ് നീക്കം ചെയ്യാൻ അനുമതി നൽകിയ സ്ഥലം (ശരാശരി) (മീ.)
മുൻവശം	3	6.55
പുറക് വശം	1.5	4.85
പാർശ്വവശം 1	1	7.63
പാർശ്വവശം 2	1	6.8

ചട്ട വിരുദ്ധമായി ഡെവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ച് അധിക അളവിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.40/16.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിയമായി മറുപടി ലഭ്യമാക്കേണ്ടതാണ്. ചട്ടങ്ങൾ പാലിച്ചു മാത്രം ലാൻഡ് ഡെവലപ്പ്മെന്റ് പെർമിറ്റുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-14 മിനറൽ ട്രാൻസിറ്റ് പാസ്സ് അനുവദിച്ചതിന് ശേഷം പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല.

2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14 ഉപചട്ടം 6 പ്രകാരം ബിൽഡിംഗ് പെർമിറ്റ് ഉടമ മിനറൽ ട്രാൻസിറ്റ് പാസ്സുകൾ ലഭിച്ച തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണമെങ്കിലും പൂർത്തിയാക്കണം. ഈ വ്യവസ്ഥ പാലിച്ചില്ലെങ്കിൽ, ചട്ടം 14 ഉപചട്ടം 7-ലെ വ്യവസ്ഥകൾ പ്രകാരം പെർമിറ്റ് ലഭിക്കുന്നതിന് അടച്ച റോയൽറ്റിക്ക് പുറമെ റോയൽറ്റിയുടെ 5 മടങ്ങ് പിഴ അടയ്ക്കാൻ ധാതു ഗതാഗത പെർമിറ്റ് ഉടമ ബാധ്യസ്ഥനായിരിക്കുന്നതാണ്. കൂടാതെ ധാതു ഗതാഗത പെർമിറ്റിൽ പറഞ്ഞിരിക്കുന്ന സ്ഥലത്ത് നിന്ന് സാധാരണ മണ്ണ് അധികമായി എടുക്കുകയോ അനുവദനീയമായ സ്ഥലത്തിന് പുറത്ത് നിന്ന് സാധാരണമണ്ണ് എടുക്കുകയോ ചെയ്യുന്നത് നിയമവിരുദ്ധമായി കണക്കാക്കി ധാതു ഗതാഗത പെർമിറ്റ് റദ്ദാക്കപ്പെടുന്നതും കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14 ഉപചട്ടം 8-ലെ വ്യവസ്ഥകൾ പ്രകാരം അധികമായി ഖനനം ചെയ്ത സാധാരണ മണ്ണിന്റെ അളവിന് റോയൽറ്റിയുടെ അഞ്ചിരട്ടിക്ക് തുല്യമായ തുക അടയ്ക്കാൻ ധാതുഗതാഗതപെർമിറ്റ് ഉടമ ബാധ്യസ്ഥനായിരിക്കുന്നതുമാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും ധാതുഗതാഗത പെർമിറ്റ് വാങ്ങി മണ്ണ് നീക്കം ചെയ്തിട്ടുള്ളവർ അനുവദിച്ചതിലും അധികം അളവിൽ മണ്ണ് നീക്കംചെയ്തിട്ടുണ്ടോയെന്നും പെർമിറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ എന്നും പരിശോധനയ്ക്ക് വിധേയമാക്കി തുടർനടപടികൾ സ്വീകരിക്കുന്നില്ല. ആയത് മുതലാക്കി അനുവദിച്ച പെർമിറ്റിന്റെ മറവിൽ അനധികൃതമായി മണ്ണെടുപ്പ് നടക്കുന്ന സാഹചര്യം പഞ്ചായത്ത് പ്രദേശത്ത് നിലനിൽക്കുന്നുണ്ട്. തുടർനടപടികൾ സ്വീകരിക്കാത്തത് കാരണം റോയൽറ്റി, ഫൈൻ എന്നീ ഇനങ്ങളിൽ സർക്കാരിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെട്ടു പോകുന്നതിനും ഇടയാക്കുന്നുണ്ട്.

പഞ്ചായത്തിൽ നിന്നും ധാതുഗതാഗത പെർമിറ്റ് എടുത്ത് ഒരു വർഷം കഴിഞ്ഞിട്ടുള്ള ചുവടെ പരാമർശിച്ചിട്ടുള്ള പെർമിറ്റ് ഉടമകൾ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണമെങ്കിലും പൂർത്തിയാക്കിട്ടുള്ളതായി പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്നതിനും നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തവരിൽ നിന്നും പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും 38/16.10.2025 നമ്പരായി ഓഡിറ്റ് എൻകപയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	പെർമിറ്റ് ഉടമയുടെ വിവരങ്ങൾ	പ്ലോട്ടിന്റെ സർവ്വേ നം.	കെട്ടിടനിർമ്മാണ പെർമിറ്റ് നമ്പരും തീയതിയും	ധാതുഗതാഗത പെർമിറ്റ് നമ്പരും തീയതിയും	നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ്(M3)
1	ബാബു വർഗ്ഗീസ്, കുന്നുവിള തെക്കേതിൽ, കടമ്പനാട് നോർത്ത്	279/4	എ3-ബി.എ. (144513)/23/ 24.04.2023	എ3-2971/23/19.06.23	316.40
2	ജനാർദ്ദനൻ, ചരുവിള പുത്തൻവീട്, കടമ്പനാട് നോർത്ത്	156/16, 156/7	എ3-ബി.എ. (144525)/23/ 24.04.2023	എ3-3036/23/ 31.07.23	380.63

3	ജയിംസ്, പണിക്കലേത്ത് ഹൗസ്, തുവയൂർ സൗത്ത്	138/9	എ3-ബി.എ. (230771)/23/ 03.07.2023	എ3-3621/23/03.08.23	523.90
4	ലിനികുമാർ, ലിനി ഭവനം, തുവയൂർ സൗത്ത്	399/6-3	എ3-ബി.എ. (415294)/23/13.12.2023	എ3-5075/23/16.12.23	142.07
5	അഭിജിത്ത്, അഭിജിത്ത് ഭവനം, മണ്ണടി	324/6-1	എ3-ബി.എ.(1551)/24/ 03.01.2024	എ3-169/24/16.02.24	349
6	ഡാനിയൽ മാത്യു, ഷീല ഭവനം, മണക്കാല	109/5	എ3-ബി.എ. (433115)/23/ 28.12.2023	എ3-281/24/27.02.24	510.54
7	ഷാനവാസ് ജെ., പുത്തൻവിള വീട്, മണ്ണടി	99/3-1	എ3-ബി.എ. (170447)/23/ 16.05.2023	എ3-284/24/01.03.24	417.30
8	രമേഷ് & പ്രിജിലാൽ, ഗൗരിശങ്കരം വീട്, ഇളംപള്ളിൽ	361/10, 360/10-1-1	എ3-ബി.എ.(25342)/24/ 22.01.2024	എ3-463/24/06.03.24	366.66
9	ഡിനു ഡി., ചെറുകുളത്ത് വടക്കേപ്പുര, മണ്ണടി	437/13-4	എ3-ബി.എ.(7118)/24/ 26.02.2024	എ3-808/24/21.03.24	519.16
10	രാധാമണി കെ., രഞ്ജിത ഭവനം, കടമ്പനാട് സൗത്ത്	345/8-1-2	എ3-ബി.എ.(21436)/24/ 18.01.2024	എ3-761/24/16.03.24	150.8132
11	സതി, പുളിമൂട്ടിൽ വീട്, തുവയൂർ സൗത്ത്	135/5	എ3-ബി.എ.(70768)/24/ 26.02.2024	എ3-1280/24/08.04.24	299.67
12	രാജു സൂസമ്മ, പുത്തൻ വീട്,	24/22	എ3-ബി.എ.(114719/24/ 01.04.2024	എ3-2090/24/23.04.24	380.57

	തുവയൂർ സൗത്ത്				
13	സുജിത്ര വി.എസ്., വി.എസ്.നിവാസ്, കടമ്പനാട് നോർത്ത്	76/1-2	എ3-ബി.എ. (106820)/24/ 23.03.2024	എ3-2020/24/04.05.24	590.60
14	ഡിജു ജോർജ്ജ്കുട്ടി, കലവിള പുത്തൻവീട്, കടമ്പനാട്	279/1-1	എ3-ബി.എ. (120911)/24/ 06.04.2024	എ3-2129/24/10.05.24	190.84
15	അനുകൃഷ്ണൻ, എം.ആർ.ഭവൻ, തുവയൂർ സൗത്ത്	41/23-3	എ3-ബി.എ. (185478)/24/ 01.06.2024	എ3-2797/24/18.06.24	199.38
16	ഗിരീഷ് ജി., തടവിളയിൽ, കടമ്പനാട് നോർത്ത്, ദേവു എസ്., പൗവ്വത്ത് പുത്തൻവീട്, കലഞ്ഞൂർ	186/10-1, 186/11	എ3-ബി.എ. (199892)/24/ 13.06.2024	എ3-2962/24/10.07.24	156.28
17	സജി ബി. & ലാലി സജി., ചാങ്ങേത്ത് വീട്, തുവയൂർ സൗത്ത്	426/6-3-1	എ3-ബി.എ. (1168037)/24/ 20.05.2024	എ3-2585/24/10.07.24	408.57
18	ജോയ്സ്, ചരുവിള പടിഞ്ഞാറ്റേതിൽ, തുവയൂർ സൗത്ത്	192/9	എ3-ബി.എ. (169349)/24/ 21.05.2024	എ3-2825/24/23.07.24	200.81
19	ലീലാമ്മ & ബോബസ്കുട്ടി ബഞ്ചമിൻ, പട്ടത്തിൽ പടിഞ്ഞാറ്റേതിൽ, തുവയൂർ സൗത്ത്	1191/2-1	എ3-ബി.എ. (246329)/24/ 23.07.2024	എ3-3673/24/29.08.24	92.51
20	ചന്ദ്രമോഹൻ, ശാന്തിമംഗലം,	74/14	എ3-ബി.എ. (246309)/24/ 13.07.2024	എ3-3671/24/19.09.24	194.33

	കടമ്പനാട്				
21	സോമനാഥൻ, ചിക്കുഭവൻ, നെല്ലിമുകൾ	91/2	എ3-ബി.എ. (132870)/24/ 19.04.2024	എ3-2582/24/24.09.24	632.80
22	വിമൽ & അമൃത, വിമൽ ഭവൻ, മണ്ണടി	368/2-1	എ3-ബി.എ. (1269307)/24/ 19.08.2024	എ3-4169/24/28.09.24	622.47

മേൽ പട്ടികയിൽ ക്രമ നമ്പർ 20-ആയി രേഖപ്പെടുത്തിയിട്ടുള്ള ശ്രീ. ചന്ദ്രമോഹൻ, ശാന്തിമംഗലം, കടമ്പനാട് എന്ന പെർമിറ്റ് ഉടമ അളവിൽ കൂടുതൽ മണ്ണ് നീക്കം ചെയ്യുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയ സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത സൈറ്റിൽ നിന്നും 550ക്യൂ.മീ. മണ്ണ് നീക്കം ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തു. അധികമായി നീക്കം ചെയ്ത 356ക്യു.മീ. മണ്ണിന് പിഴ ഇനത്തിൽ 142400രൂപ സർക്കാരിൽ ഒടുക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും 21.12.2024-ൽ പെർമിറ്റ് ഉടമയ്ക്ക് നോട്ടീസ് നൽകി. എന്നാൽ വിവരം മൈനിംഗ് & ജിയോളജി വകുപ്പിൽ റിപ്പോർട്ട് ചെയ്യുകയോ മറ്റ് തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

മേൽ പരാമർശിച്ചിട്ടുള്ള ധാതു ഗതാഗത പെർമിറ്റ് ഉടമകൾ പെർമിറ്റിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചിട്ടുണ്ടോയെന്ന് പരിശോധന നടത്തി അറിയിക്കേണ്ടതാണ്. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളും അതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും കൃത്യമായി പാലിച്ചു മാത്രം വികസന പെർമിറ്റ്, ധാതു ഗതാഗത പെർമിറ്റ് എന്നിവ അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-15 ലേലക്കുടിശ്ശിക- ഈടാക്കുവാനുള്ളത് 19.06 ലക്ഷം രൂപ

ഗ്രാമപ്പഞ്ചായത്തിൽ 2021-22 മുതലുള്ള വർഷങ്ങളിലെ ലേലത്തുക കുടിശ്ശികയിനത്തിൽ വൻ തുക ഈടാക്കാൻ അവശേഷിക്കുന്നതായി ധനകാര്യ പത്രികകൾ, ഫയൽ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
2024-25	1821920 (Current)	800000	1021920
	884914 (Arrear)		
2023-24	2195526 (Current + Arrear)	1310612	884914
2022-23	973085 (Current)	870585	102500
	608585 (Arrear)	33171	575414
2021-22	9887185	378600	9508585

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (നം.32/16.10.2025) മറുപടി ലഭ്യമാക്കിയില്ല. ലേലക്കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 ക്രമവിരുദ്ധമായി ലേലം ഉറപ്പിച്ചു - പഞ്ചായത്തിനു നഷ്ടം 10.22 ലക്ഷം രൂപ

2024-25 സാമ്പത്തിക വർഷം ഗോവിന്ദപുരം മാർക്കറ്റിലെയും നെല്ലിമുകൾ മാർക്കറ്റിലെയും മാട്ടിറച്ചി വ്യാപാരത്തിനുള്ള അവകാശം ലേലം ചെയ്തതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല. ലേല നോട്ടീസ് പ്രകാരമുള്ള നിബന്ധനകൾ പാലിക്കാത്ത വ്യക്തികൾക്ക് ലേലം സ്ഥിരപ്പെടുത്തി നൽകുകയും, ഇവർ ലേലത്തുക പൂർണ്ണമായി അടയ്ക്കാതെ കുടിശ്ശിക വരുത്തുകയും ചെയ്തു. 1021920 രൂപയാണ് പഞ്ചായത്തിന് നഷ്ടമായത്. ലേല രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ലേല വിവരം	ലേലം കൊണ്ടയാൾ	ആകെ തുക	ഇതുവരെ അടവാക്കിയ തുക	അടവാക്കാനുള്ള തുക
കടമ്പനാട് ഗോവിന്ദപുരം മാർക്കറ്റിൽ ഇറച്ചി വ്യാപാരം തീയതി: 16/03/2024	ബൈജു, പറമ്പിൽ പുത്തൻവീട്, പോരുവഴി, കൊല്ലം	ലേലത്തുക=1003000 CGST=90270 SGST= 90270 ആകെ=1183540	650000	533540
നെല്ലിമുകൾ പബ്ലിക് മാർക്കറ്റിൽ ഇറച്ചി വിൽപന തീയതി: 16/03/2024	റഹിം, കോട്ടയ്ക്കകത്തു വടക്കേതിൽ, പോരുവഴി	ലേലത്തുക=541000 CGST=48690 SGST= 48690 ആകെ=638380	150000	488380

ലേലാവകാശങ്ങൾ താല്ക്കാലികമായി സ്ഥിരപ്പെടുത്തിയാലുടൻതന്നെ ലേലത്തുക മൊത്തമായി കെട്ടിവയ്ക്കണ്ടതാണെന്ന് 06.03.2024-ലെ A6/2023-24-ാം നമ്പർ ലേല നോട്ടീസിലെ നിബന്ധനകളിൽ ക്രമ നം.7 ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, 16.03.2024-ൽ നടന്ന ലേലത്തിൽ, ഇപ്രകാരം തുക മുഴുവൻ ഒടുക്കാത്ത, മേൽപ്പറഞ്ഞ വ്യക്തികൾക്ക് ലേലം താത്കാലികമായി ഉറപ്പിച്ചു നൽകുകയും, 18.03.2024-ലെ പഞ്ചായത്ത് കമ്മറ്റി 1(1), 1(2) നമ്പർ തീരുമാനങ്ങൾ പ്രകാരം ലേലം സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തു. കമ്മറ്റിത്തീരുമാനം ചുവടെ ചേർക്കുന്നു.

തീരുമാനം നം.1(1)

"കടമ്പനാട് ഗ്രാമപഞ്ചായത്തിലെ 2024/25 വർഷത്തെ കടമ്പനാട് മാർക്കറ്റിലെ ഇറച്ചിലേലം 16/03/2024-ൽ നടത്തിയതിൽ കൂടുതൽ തുക രേഖപ്പെടുത്തിയ ശ്രീ.മിഥിലാജ്.എച്ച്, ആലിയുടെ തെക്കേതിൽ, ശൂരനാട് തെക്കേമുറി പി.ഒ (10,03,000) എന്നയാളുടെ ലേലം കമ്മിറ്റി അംഗീകരിച്ചു. ടി തുക 3 തവണകളായി 251000 രൂപ വീതം 3 തവണകളായി ലേലത്തുക അടവാക്കുന്നതിന് ടിയാൾക്ക് നിർദ്ദേശം നൽകുന്നതിന് കമ്മിറ്റി തീരുമാനിച്ചു."

തീരുമാനം നം.1(2)

"കടമ്പനാട് ഗ്രാമപഞ്ചായത്തിലെ 2024/25 വർഷത്തെ നെല്ലിമുകൾ മാർക്കറ്റിലെ ഇറച്ചിലേലം 16/03/2024-ൽ നടത്തിയതിൽ കൂടുതൽ തുക രേഖപ്പെടുത്തിയ ശ്രീ.റഹീം, കോട്ടക്കകത്ത് വടക്കേതിൽ, പോരുവഴി പി.ഒ (5,41,000) എന്നയാളുടെ ലേലം കമ്മിറ്റി അംഗീകരിച്ചു. ടി തുക 3 തവണകളായി 1,75,333 രൂപ വീതം അടവാക്കുന്നതിന് ടിയാൾക്ക് നിർദ്ദേശം നൽകുന്നതിന് കമ്മിറ്റി തീരുമാനിച്ചു."

ലേലം സ്ഥിരപ്പെടുത്തുന്നതിനു മുൻപ് തുക പൂർണ്ണമായി ഒടുക്കാൻ സാധിക്കാത്തവർ തത്തുല്യമായ സോൾവൻസി ഹാജരാക്കണമെന്ന നിബന്ധന ലേല നോട്ടീസിൽ ഉൾപ്പെടുത്തിയിരുന്നില്ല. 200 രൂപ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണെന്ന് ലേല വ്യവസ്ഥകളിൽ പറഞ്ഞിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടുമില്ല. 2023-24 സാമ്പത്തിക വർഷം ഇതേ അപാകത സംഭവിക്കുകയും അത് ഓഡിറ്റ് റിപ്പോർട്ടിൽ ന്യൂനതയായി ചൂണ്ടിക്കാട്ടുകയും ചെയ്തിട്ടുള്ളതാണ്. തൻവർഷത്തെ ലേല നടപടികളിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലൊന്നും അധികൃതർ സ്വീകരിച്ചില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.24/15.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേല നിബന്ധന പാലിക്കാത്ത വ്യക്തിക്ക് ലേലം സ്ഥിരപ്പെടുത്തി നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. 18.03.2024 കമ്മറ്റി എടുത്ത തെറ്റായ തീരുമാനത്തിന് സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയിട്ടില്ല. തെറ്റായ തീരുമാനം മൂലം പഞ്ചായത്ത് ഫണ്ടിനു 1021920 രൂപ നഷ്ടമായതിന് ഭരണസമിതിയംഗങ്ങളും സെക്രട്ടറിയും ഉത്തരവാദികളാണ്. ടി തുക ലേലക്കാരിൽനിന്നും ഈടാക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം, പഞ്ചായത്ത് ഫണ്ടിനുണ്ടായ **1021920 രൂപയുടെ** നഷ്ടം സെക്രട്ടറിയിൽനിന്നും, 18.03.2024-ലെ പഞ്ചായത്ത് കമ്മറ്റിയിൽ ഹാജരായ ജനപ്രതിനിധികളിൽനിന്നും ചാർജ്ജ് നടപടികളിലൂടെ തുല്യമായി ഈടാക്കുന്നതാണ്.

1-17 ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 3 കടമുറികൾ (XV/ 838, XV/ 840, XV/ 837) 2024-25 വർഷം വാടകയ്ക്ക് നൽകിയില്ല. യഥാസമയം മുറികൾ വാടകയ്ക്ക് നൽകാതിരുന്നതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിനു കാരണം അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് എൻകുയറിക്ക് (നം.25/ 15.10.2025) മറുപടി ലഭിച്ചിട്ടില്ല.

1-18 വാടക പൂർണ്ണമായി അടവാക്കിയില്ല

വാടക രജിസ്റ്റർ പരിശോധനയിൽ, ചുവടെ ചേർത്തിരിക്കുന്ന വ്യക്തികൾ, 2024-25 വർഷം വാടക പൂർണ്ണമായി അടവാക്കിയതായി കാണുന്നില്ല.

വാടകക്കാരൻ	റൂം നമ്പർ	വാടക തുക	അടവാക്കാൻ അവശേഷിക്കുന്ന കാലയളവ്
മണികണ്ഠൻ. A.Y, മുള്ളൻവാരത്തിൽ മേലേതിൽ, മല്ലശ്ശേരി	XV/835	മാസ വാടക= 1410 CGST= 127 SGST= 127 ആകെ വാടക = 1664	ജനുവരി, 2025; ഫെബ്രുവരി, 2025; മാർച്ച്, 2025

പോസ്റ്റ് മാസ്റ്റർ, പോസ്റ്റ് ഓഫീസ്, മണ്ണടി		മാസ വാടക= 1500	ജനുവരി, 2025

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.25/ 15.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നുണ്ട്.

പഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അർദ്ധവാർഷിക തൊഴിൽ നികുതി റിട്ടേണുകളും പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു:-

(1) മരാമത്ത് കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

2024-25 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

I. വിപിൻ രാജ്. കെ

Ii. കൃഷ്ണകുമാർ. കെ. ആർ

Iii. എം. ജി. രവീന്ദ്രൻ

Iv. ഷിബു കുമാർ. എസ്

V. രഞ്ജിത്ത്. ആർ

Vi. രജീഷ് കുമാർ. ആർ

Vii. ബിജു. എം

Viii. അജീഷ്. എസ്

Ix. ഹരിഹരൻ. എം

X. അനിൽ കുമാർ. ആർ

Xi. അനിൽ കുമാർ. ബി

Xii. അജി കുമാർ

Xiii. സാംസൺ സാമുവൽ

Xiv. ഷംനാഥ്. എസ്

Xv. കമാറുദ്ദീൻ

Xvi. റോയി തോമസ് സക്കറിയ

Xvii. ബിജി. കെ. തോമസ്

(2) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിവരം തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ ലഭ്യമായില്ല.

ക്രമ നം	സ്ഥാപനം	അർദ്ധവർഷം
1	ഇൻഫന്റ് ജീസസ് സെന്ട്രൽ സ്കൂൾ, കടമ്പനാട്	I
2	വിവേകാനന്ദ HS ഫോർ ഗേൾസ്, കടമ്പനാട്	I
3	NSS UPS, തുവയൂർ	I
4	ഗവ: LPS, തുവയൂർ	I
5	റോയൽ പെയിന്റ്സ് & ഗ്ലാസ് ഹൗസ്	I & II

ഇതു സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.28/15.10.2025), തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 കെ-സ്വിഫ്റ്റ് സാക്ഷ്യപത്രത്തിന്റെ കാലാവധി അവസാനിച്ചിട്ടും ലൈസൻസ്, കെട്ടിട നമ്പർ എന്നിവ ഉറപ്പു വരുത്തുന്നില്ല

കെ-സ്വിഫ്റ്റ് മുഖേന കേരള സൂഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ 2020 പ്രകാരമുള്ള സ്വയം സാക്ഷ്യപ്പെടുത്തൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ചട്ടം 5(3) പ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രം നേടി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾക്ക് 3 വർഷക്കാലത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതികൾ ആവശ്യമില്ലാത്തതാകുന്നു. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾക്ക് അതിൽ രേഖപ്പെടുത്തിയിരിക്കുന്ന നമ്പർ പ്രസ്തുത കാലയളവിലേക്ക് മാത്രം താൽക്കാലിക കെട്ടിട നമ്പരായും ഉപയോഗിക്കാവുന്നതാണ്. എന്നാൽ കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ കാലാവധി അവസാനിച്ച് 6 മാസത്തിനുള്ളിൽ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ എല്ലാ ലൈസൻസുകളും അനുവാദങ്ങളും ക്ലിയറൻസുകളും നേടേണ്ടതാണെന്ന് പ്രസ്തുത ചട്ടങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ഇത്തരത്തിൽ കൈപ്പറ്റ് സാക്ഷ്യപത്രം നേടി പ്രവർത്തിച്ചു വരുന്ന ചുവടെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ സാക്ഷ്യപത്രത്തിന്റെ കാലാവധി നിലവിൽ അവസാനിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് ഉറപ്പാക്കുന്നതിനും കെട്ടിട നിർമ്മാണങ്ങളും മറ്റും നടത്തിയിട്ടുണ്ടെങ്കിൽ ആയത് അസ്സസ്സ് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ വിവരങ്ങൾ	കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ	സാക്ഷ്യപത്രത്തിന്റെ കാലാവധി അവസാനിച്ച

		വിവരങ്ങൾ	തീയതി
1	സാകേതം ചക്കിലാട്ടിയ വെളിച്ചെണ്ണ, 14/956, നസറത്ത് ജംഗ്ഷൻ, ഏഴാംമൈൽ	KLMSME-617/2020/24.02.2020	23.02.2023
2	മഹാദേവ ഓയിൽ മിൽ, 16/952, കെ.എസ്.ഇ.ബി. ഓഫീസിന് എതിർവശം, കടമ്പനാട്	KLMSME-1559/2020/12.06.2020	11.06.2023
3	എ.എം. ഹോളോബ്രിക്സ്, തയ്യിൽ ജംഗ്ഷന് സമീപം, മണ്ണടി താഴം	KLMSME-1902/2020/30.06.2020	29.06.2023
4	എസ്.എം. കാഷ്യൂസ്, മുടിപ്പുര, മണ്ണടി	KLMSME-3440/2020/25.08.2020	24.08.2023
5	ഇന്നവേറ്റീവ് നെറ്റ്വർക്ക് സ്വല്യൂഷൻസ്, 11/311, മങ്ങാട്ട് മഠം, മണ്ണടി അമ്പലത്തിന് സമീപം	KLMSME-6749/2020/17.11.2020	16.11.2023
6	ഗ്ലോബൽ ചിക്കൻ ഫാം, 4/88, മുതിരവിള വീട്, തുവയൂർ	KLMSME-6963/2020/23.11.2020	22.11.2023
7	മുല്ലൂർ ഐസ് പ്ലാന്റ്, മണ്ണടി അമ്പലത്തിന് സമീപം	KLMSME-372/2021/12.01.2021	11.01.2024
8	നിർമ്മാല്യം ഫ്ലവർ മിൽ, പല്ലേനഴികത്ത് ജം., മണ്ണടി അമ്പലത്തിന് സമീപം	KLMSME-7997/2020/22.12.2020	21.12.2023
9	കൊച്ചുവിളയിൽ ഹോളോബ്രിക്സ്, മഹാദേവ ക്ഷേത്രത്തിന് സമീപം, മാഞ്ഞാലി	KLMSME-7994/2020/21.12.2020	20.12.2023
10	എസ്.ആർ.ടയേഴ്സ്, കടമ്പനാട് നോർത്ത്	KLMSME-349/2021/12.01.2021	11.01.2024

ടി.സ്ഥാപനങ്ങളുടെ കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ കാലാവധി അവസാനിച്ചിട്ടുള്ളതിനാൽ സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിക്കുന്നതിനും കെട്ടിട നിർമ്മാണങ്ങളും മറ്റു നടത്തിയിട്ടുള്ളത് അസ്സസ്സ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് 06/07.10.2025 നമ്പരായി ഓഡിറ്റ് എൻകയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കെ-സ്വിഫ്റ്റ് കൈപ്പറ്റ് രസീത് വാങ്ങി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അനുവദിച്ചിട്ടുള്ള

സമയപരിധിക്കുള്ളിൽ തന്നെ ആവശ്യമായ അനുമതികൾ നേടുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും, കെട്ടിട നികുതി അസസ്സ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വിവരം അറിയിക്കേണ്ടതാണ്.

1-21 പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 (1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ 2024-25 വർഷത്തെ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ഹരിതകർമ്മസേനയുടെ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിൽ ലഭ്യമായ ഡാറ്റ പ്രകാരം, പഞ്ചായത്ത് പരിധിയിൽ 762 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, 2024-25 സാമ്പത്തിക വർഷത്തേക്ക് 556 പേരാണ് ലൈസൻസ് എടുത്തിട്ടുള്ളത്. 762 വ്യാപാര സ്ഥാപനങ്ങളിൽ, പ്രവർത്തനമില്ലാതെ അടഞ്ഞു കിടക്കുന്ന സ്ഥാപനങ്ങളും ലൈസൻസ് ആവശ്യമില്ലാത്ത ധനകാര്യ സ്ഥാപനങ്ങളും ഉണ്ടെന്നും ശേഷിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻകൗയറിക്ക് (നം. 9/09.10.2025) മറുപടി ലഭ്യമാക്കി.

(2) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചുവടെ കൊടുത്തിരിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

ക്രമ നം.	ഉടമ/ സ്ഥാപനം	കെട്ടിട നം.	ലഭ്യമാക്കിയ മറുപടി
1	സിദ്ധാർഥൻ, N. P ആയുർവേദ ആശുപത്രി	15/178	മതിയായ രേഖകളില്ലാതെയാണ് ലൈസൻസിന് അപേക്ഷിച്ചത്.
2	ജോസഫ്. കെ. ഫിലിപ്പ്, സെന്റ് തോമസ് ഡെന്റൽ ക്ലിനിക്	15/742	
3	ഷമീർ, ഒലിവ് ഹെൽത്ത് കെയർ	15/789, 15/790	
4	ബാബു. ജി. ബേബി, അഗസ്ത്യാർമുനി ആയുർവേദിക് ട്രീറ്റ്മെന്റ്	15/923	
5	അശ്വതി ആലീസ് ജോൺ, സഞ്ജീവനി ആയുർവേദിക്സ്	3/339	
6	അശ്വതി. എസ്. കെ, മാതാ പോളി ക്ലിനിക്	3/23, 24, 25	
7	തൻസിയ, ASMAS ഡെന്റൽ ക്ലിനിക്	16/678	
8	ഡോ. അശ്വതി നാരായണൻ, ആയുർ ഹീലേഴ്സ് ആയുർവേദിക്	14/499	

	ക്ലിനിക്		
9	സെക്രട്ടറി, കടമ്പനാട് സർവ്വീസസ് സഹകരണ ബാങ്ക് ക്ലിപ്തം നം. PT 59	15/776	ഫീൽഡ് പരിശോധന നടത്തി, പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളുണ്ടെങ്കിൽ അവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.
10	സെക്രട്ടറി, കടമ്പനാട് സർവ്വീസസ് സഹകരണ ബാങ്ക് ക്ലിപ്തം നം. PT 59	14/977, 14/978	
11	രഘു. ബി, അച്ചൂസ് റ്റീ സ്റ്റാൾ	13/621	
12	രാധാകൃഷ്ണ പിള്ള, S.R ഏജൻസീസ്	16/21	
13	രമേഷ്. ആർ, വിനായക എന്റർപ്രൈസസ്	5/44	
14	ജോളി ബാബു, സെന്റ് ജോർജ് സ്റ്റോൺ വർക്ക്	13/606	
15	ബിജു ജോർജ്, ജനത ഫാൻസി & സൂപ്പർ മാർക്കറ്റ്	15/21	
16	ജേക്കബ്. പി. ഡാനിയൽ, പുന്നിലേത്ത് ഓൺലൈൻ പൊല്യൂഷൻ ടെസ്റ്റിംഗ് സെന്റർ	15/445	
17	ഹരിപ്രഭ. കെ. ആർ, N&N ഡെന്റൽ സോൺ	16/559	
18	നളേന്ദ്രൻ, വളം സ്റ്റോക്ക് ചെയ്ത് വില്പന	8/358	
19	നളേന്ദ്രൻ, റബ്ബർ കട	8/352 A	
20	നവാസ്, അയാൻ കാർപെന്റർ	16/598	
21	അനീഷ. എസ്, ശ്രീദുർഗ ലൈറ്റ് & സൗണ്ട്	7/173	
22	വിമൽ തോമസ് വർഗ്ഗീസ്, ഈശാ ഹോളിഡേയ്സ്	2/971	
23	അജേഷ്. ബി, ശ്രീനിലയം റബ്ബേഴ്സ്	2/912, 913, 914, 915	
24	റുബിൻ സാമുവൽ, ഗ്ലോബൽ അസോസിയേറ്റ്സ്	2/239, 240	

25	മനേഷ്. എം, M. N. ഫിഷ് മാർക്കറ്റ്	4/242
26	ശ്യാമള, ഗണേശ് റ്റീ സ്റ്റാൾ	5/398
27	ബൈജു. ജെ, ലായേൻ അലുമിനിയം ഫാബ്രിക്കേഷൻ	5/420
28	മുരളീധരൻ, അനന്തു സ്റ്റോഴ്സ്	5/399
29	സലിം, V. K. S ആക്രിക്കട	16/523
30	രാജ് മോഹൻ പിള്ള. ടി, ദേവി മാർക്കറ്റിംഗ്	17/599
31	ഷിബു. പി, എയർസാറ്റ് കമ്മ്യൂണിക്കേഷൻ	13/640
32	കുഞ്ഞുമറിയുമ്മ, ഇയ്യോബിന്റെ തട്ടകം (ഹോട്ടൽ)	14/1015
33	ജമീല, പച്ചക്കറി വ്യാപാരം	16/299
34	ജയറാം. പി, സ്റ്റുഡിയോ	16/123
35	രാജൻ മാനുവൽ, ബ്യൂട്ടി ടെയ് ലേഴ്സ്	6/17
36	മോഹനൻ, അല്ലു ഹെയർ കട്ടിംഗ്	6/378
37	ബാബു യോഹന്നാൻ, S & S ജെനറൽ സ്റ്റോഴ്സ്	13/622
38	സിറാജുദ്ദീൻ, അനു സ്റ്റോഴ്സ്	10/346
39	എം. കാർത്തിക്, ബാർബർ ഷോപ്പ്	6/338
40	റോബി വർഗ്ഗീസ്, സ്റ്റുഡിയോ	16/545
41	പി.പി. ജെയിംസ്, പി. ജെ. ഫുഡ്സ്	16/352
42	ജോൺ ജോർജ്, പി.ജി. അസോസിയേറ്റ്സ്	16/592
43	ഉഷാകുമാരി. ഐ, ദേവേഷ് ബേക്കറി	14/1029

(3) ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം പാർപ്പിടമായതിനാൽ ലൈസൻസ് അനുവദിച്ചില്ല.

ക്രമ നം.	ഉടമ/ സ്ഥാപനം	കെട്ടിട നം.	ലഭ്യമാക്കിയ മറുപടി

1	ലൂക്കാസ് ജോണി, മാമൻസ് ബേക്കറി & സൂപ്പർ മാർക്കറ്റ്	17/119	ഉപയോഗക്രമം മാറ്റണമെന്നുള്ള അറിയിപ്പ് നൽകിയിരുന്നു.
2	വിനോദ് തോമസ്, കൽപ്പടിക്കൽ ഓയിൽ മിൽ	16/190	
3	ജിജി മാമൻ ഫിലിപ്പ്, ജിയോ ഇലക്ട്രിക്കൽസ്	17/357	
4	ഡോ. ശ്രീനാഥ് വിശ്വനാഥ കുറുപ്പ്, സഹൃദയ മെഡിക്കൽ സെന്റർ (PCB യുടെ NOCയും IMAGE സർട്ടിഫിക്കറ്റും ഇല്ല)	10/609	

പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളെയെല്ലാം ലൈസൻസ് പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 UPI അക്കൗണ്ടിലെ തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് യഥാസമയം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നില്ല

21-07-2023-ലെ എൽ.എസ്.ജി.ഡി/പി.ഡി/20073/2023-ആർഇവി2 നമ്പർ സർക്കുലർ പ്രകാരം BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റിനായി മാത്രമുപയോഗിക്കുന്ന കറന്റ് അക്കൗണ്ടിൽ ലഭിച്ച തുക എല്ലാ മാസവും റീ കൺസിലിയേഷൻ നടത്തി നിലവിലുള്ള തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ എസ്.ബി.ഐ. ബാങ്കിലുള്ള UPI Payment അക്കൗണ്ടിൽ (നം.42132280495) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.25 വരെ 9,04,682 രൂപ അവശേഷിക്കുന്നുണ്ട്. UPI അക്കൗണ്ടിൽ നിന്നും യഥാസമയം തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാത്തതിന്റെ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകപയറിയ്ക്ക് (നം.34/16.10.2025), പഞ്ചായത്തിലെ നിലവിലെ സോഫ്റ്റ്വെയറായ കെ-സ്മാർട്ടിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് തുകകൾ ഇ-പേയ്മെന്റ് ചെയ്യുന്ന സംവിധാനം ഉടൻ വരുമെന്നതിനാലാണ് ടി അക്കൗണ്ടിലെ തുക മാറ്റാതെ സൂക്ഷിച്ചതെന്നും, ബാലൻസ് കിടക്കുന്ന തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുക തനതു ഫണ്ടിലേക്ക് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാൻ അവശേഷിക്കുന്നു

പ്രത്യേക ആവശ്യങ്ങൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകളും വിവിധ സർക്കാർ ഏജൻസികളും ഗ്രാമപഞ്ചായത്തിനു നൽകിയ ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. രേഖകൾ പരിശോധിച്ചതിൽ 59,94,699 രൂപയാണ് ഇപ്രകാരം ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഹെഡ് ഓഫ് അക്കൗണ്ട്	വിവരണം	ശേഷിക്കുന്ന തുക
1	320100153	പൈക	588191
2	320100160	ലൈഫ് സംസ്ഥാന വിഹിതം	827427
3	320100181	ടോട്ടൽ സാനിട്ടേഷൻ ക്യാമ്പെൻ	96282
4	320100191	നിർമ്മൽ പുരസ്കാരം	130351
5	320100194	ലൈബ്രറി ഗ്രാന്റ്	166823
6	320100196	ഐസിഡിഎസ്സ് വിഹിതം	3126372
7	320100202	ഹെൽത്ത് ഗ്രാന്റ്	421645
8	320100204	ഹെൽത്ത് ഗ്രാന്റ്	637608

തുക ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.42/17.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-24 കുടിവെള്ള വിതരണം - 1.24ലക്ഷം രൂപ അധികം നൽകി

പ്രോജക്ടിന്റെ നം, പേര്	:	231/2025 – കുടിവെള്ള വിതരണം
അടങ്കൽ	:	620752
ഫണ്ട്	:	തനതുഫണ്ട്
ചെലവ്, ചെക്ക് നം., തീയതി	:	188303/- 059815/18.04.2024 190574/-059831/17.05.2024 192136/- 059852/21.06.2024
നിർവ്വഹണം	:	സെക്രട്ടറി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം വിതരണം ചെയ്തതിന്റെ ചെലവ് സുതാര്യമല്ല. കുടിവെള്ള വിതരണം നടത്തിയ വാഹനം ഓടിയ ദൂരം ജിപിഎസ് ലോഗ് മുഖേന പരിശോധിച്ച് ഉറപ്പുവരുത്തിയില്ല. വാഹന ഉടമയുടെ വീട്ടിൽനിന്നുള്ള ദൂരം കണക്കിലെടുത്ത് തുക അനുവദിച്ചതുവഴി 124830 രൂപയുടെ അധികച്ചെലവുണ്ടായി.

കുടിവെള്ള വിതരണത്തിനായി ശ്രീ.ഷൈൻ.വി., ഷൈൻ വില്ല, മാന്തുക എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള KL 03-T 3290 നമ്പർ വാഹനം 27.03.2024 മുതൽ 10.05.2024 വരെ ഉപയോഗിച്ചു. വാഹന വാടകയിനത്തിൽ കിലോമീറ്ററിന് 73 രൂപ നിരക്കിൽ 565303 രൂപ ഇദ്ദേഹത്തിനു നൽകിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ വിലയായി 49739 രൂപ കേരള വാട്ടർ അതോറിറ്റിക്കും നൽകിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ ചിരണിക്കൽ പ്ലാന്റിൽനിന്ന് കുടിവെള്ളം ശേഖരിച്ച് ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്യാനാണ് 27.03.2024ലെ 10/2024-ാം നമ്പർ കരാർ പ്രകാരം ശ്രീ. ഷൈൻ വി.യെ ചുമതലപ്പെടുത്തിയിരുന്നത്. പഞ്ചായത്തിൽനിന്നും

ചിരണിക്കൽ പ്ലാന്റ് വരെയും, തിരികെ പഞ്ചായത്തിലെ കുടിവെള്ള വിതരണം അവസാനിച്ച പോയിന്റുവരെയുമുള്ള വാഹനം ഓടിയ ദൂരത്തിനുള്ള പ്രതിഫലം മാത്രമേ വാഹന ഉടമയ്ക്ക് നൽകേണ്ടതുള്ളൂ. മേൽപ്പറഞ്ഞ വാഹനത്തിൽ ജിപിഎസ് ഘടിപ്പിച്ചിട്ടുണ്ട്. എന്നാൽ കുടിവെള്ള വിതരണം നടത്തിയ ദിവസങ്ങളിലെ വിശദമായ ജിപിഎസ് ലോഗ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ജി.പി.എസ് എക്സിക്യൂട്ടീവ് സമ്മറി റിപ്പോർട്ട് ഫയലിലുണ്ട്. എല്ലാ ദിവസവും പന്തളത്തുനിന്ന് വാഹനം പുറപ്പെട്ടിട്ടുള്ളതായും അതേ സ്ഥലത്ത് ഓട്ടം അവസാനിപ്പിച്ചിട്ടുള്ളതായും കാണുന്നു. എല്ലാ ദിവസവും വാഹനം പുറപ്പെട്ട സമയം 00.00.00 എന്നും ഓട്ടം അസാനിച്ചത് 23.59.59 എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ വാഹനം പുറപ്പെട്ട സമയം, ഓടിയ ദൂരം, കുടിവെള്ള വിതരണം അവസാനിച്ച സമയം എന്നിവ സംബന്ധിച്ച് കൃത്യമായ കണക്കില്ല.

പന്തളത്തുനിന്ന് വാഹനം പുറപ്പെട്ട്, കുടിവെള്ള വിതരണത്തിനുശേഷം പന്തളത്ത് ഓട്ടം അവസാനിക്കുന്നതുവരെയുള്ള ദൂരം കണക്കിലെടുത്ത് വാഹന ഉടമയ്ക്ക് തുക അനുവദിച്ചത് തെറ്റാണ്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

കുടിവെള്ളം വിതരണം ചെയ്ത കാലയളവ്	വിതരണം ചെയ്ത ദിവസങ്ങൾ	ചെലവഴിച്ച തുക	റിമാർക്സ്
27.03.2024 മുതൽ 10.04.2024വരെ	15	188303	
11.04.2024 മുതൽ 14.04.2024വരെ	15	190574	
26.04.2024 മുതൽ 11.05.2024വരെ	15	192136	IT ഇനത്തിൽ 5710 രൂപ കുറവ് ചെയ്തു
ആകെ	**45**	**571013**	

ഉടമ താമസിക്കുന്ന പന്തളം മുതൽ ചിരണിക്കൽ പ്ലാന്റ് വരെയുള്ള 17കിലോമീറ്ററും, വിതരണത്തിനുശേഷം തിരികെ കടമ്പനാട് മുതൽ പന്തളം വരെയുള്ള 21 കിലോമീറ്ററും (ആകെ 38 കിലോമീറ്റർ) എല്ലാ ദിവസവും വാഹനം 38 കി.മീറ്റർ അധികം ഓടിയതിന് പ്രതിദിനം 2774 രൂപ നിരക്കിൽ ഉടമയ്ക്ക് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

കുടിവെള്ളം വിതരണം ചെയ്ത കാലയളവ്	ദിവസങ്ങൾ	വാഹനം ഓടിയ ആകെ ദൂരം	കുറയ്ക്കേണ്ട ദൂരം = 38km X 15 ദിവസം	യഥാർത്ഥ ദൂരം	അനുവദിച്ച തുക	അനുവദനീയമായത്	അധികം നൽകിയത്
27.03.2024 മുതൽ 10.04.2024വരെ	15	2579.5	570	2009.5	188303	146693.5	41609.5
11.04.2024 മുതൽ 14.04.2024വരെ	15	2610.6	570	2040.6	190574	148963.8	41610.2
26.04.2024 മുതൽ	15	2632	570	2062	192136	150526	41610

11.05.2024 വരെ							
ആകെ	**45**	**7822.1**	**1710**	**6112.1**	**571013**	**446183.3**	**124829.7**

കുടിവെള്ള വിതരണത്തിന്റെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് ജി.ഒ.(ആർ.റ്റി.) നം.405/2024/LSGD തീയതി 19.02.2024 പ്രകാരം മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ജി.പി.എസ് ഘടിപ്പിച്ച വാഹനത്തിൽ കുടിവെള്ളം വിതരണം ചെയ്യണമെന്നും, കുടിവെള്ളം വിതരണം ചെയ്തതിനുശേഷം ജി.പി.എസ് ലോഗ്, വാഹനത്തിന്റെ ലോഗ് ബുക്ക് എന്നിവ ക്രോസ് ചെക്ക് ചെയ്തിട്ടുവേണം സെക്രട്ടറി തുക നൽകേണ്ടതെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തിയിട്ടല്ല തുക നൽകിയിട്ടുള്ളത്.

ഈ വിഷയം ഓഡിറ്റ് എൻകെയറി (നം.18/13.10.2025) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. ജി.പി.എസ് ലോഗ് ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകി. അർഹമായതിലും അധികം നൽകിയ **124830 രൂപ** വാഹന ഉടമയിൽനിന്നോ അല്ലാത്ത പക്ഷം സെക്രട്ടറിയിൽനിന്നോ തിരികെ ഈടാക്കേണ്ടതാണ്.

1-25 തെരുവ് വിളക്ക് പരിപാലനം - ചെലവ് സുതാര്യമല്ല

പ്രോജക്ടിന്റെ നം, പേര്	:	58/2025 – തെരുവ് വിളക്ക് മെയിന്റനൻസ്
അടങ്കൽ	:	499000
ഫണ്ട്	:	വികസനഫണ്ട് (ജനറൽ)
ചെലവ്, ബിൽ നം., തീയതി	:	145530/- 353/06.03.2025 175329/- 131/06.11.2024
നിർവ്വഹണം	:	സെക്രട്ടറി

2024-25 വർഷത്തെ തെരുവുവിളക്ക് പരിപാലനത്തിന്റെ ഭാഗമായി 53/2025- 'തെരുവ് വിളക്ക് സാധനങ്ങൾ വാങ്ങൽ' എന്ന പ്രോജക്ട് പ്രകാരം 599995 രൂപ ചെലവഴിച്ച് കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി, കൊല്ലം എന്ന സ്ഥാപനത്തിൽനിന്ന് 4926 വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. കൂടാതെ, ഇവ പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിന് 58/2025- 'തെരുവ് വിളക്ക് മെയിന്റനൻസ് ' എന്ന പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തു.
പുതിയ വിളക്കുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതു പ്രകാരം ലഭിച്ച ടെണ്ടറുകളിൽ, കുറഞ്ഞ നിരക്ക് (ഒരു വിളക്ക് സ്ഥാപിക്കാൻ 64 രൂപ) രേഖപ്പെടുത്തിയത് ശ്രീ.രാജു.കെ, ശ്രീ.സനൽ കുമാർ എസ് എന്നിവരാണ്. പുതിയ വിളക്കുകൾ സ്ഥാപിക്കുന്നതു കൂടാതെ, കേടുവന്ന ട്യൂബ് സെറ്റ് റിപ്പയർ ചെയ്യുന്നതിന് 40 രൂപയും, ഫ്യൂസ് യൂണിറ്റ് അറ്റകുറ്റപ്പണിക്ക് 35 രൂപയും ശ്രീ.സനൽകുമാർ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

മുൻവർഷം തെരുവു വിളക്ക് സ്ഥാപിക്കൽ കരാറെടുത്ത ശ്രീ.സനൽ കുമാറിന് കരാർ നൽകാൻ പഞ്ചായത്തു കമ്മറ്റിക്ക് താല്പര്യമില്ലാത്തതിനാൽ ശ്രീ. രാജുവുമായി നെഗോഷ്യേറ്റ് ചെയ്യുകയും, 63 രൂപ നിരക്കിൽ ടിയാൾക്ക് കരാർ നൽകാൻ തീരുമാനിക്കുകയും ചെയ്തു (29.08.2024ലെ കമ്മറ്റിയുടെ 1(1)-ാം നമ്പർ തീരുമാനം).

പ്രോജക്ടിന്റെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകളുണ്ടായതായി ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു.

1. വാങ്ങിയ വിളക്കുകൾ 02.12.2024-ൽ ഗ്രാമപ്പഞ്ചായത്തിൽ ലഭിച്ചത്. പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സെക്രട്ടറിയോ ചുമതലപ്പെട്ട മറ്റ് ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ,

സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് നീക്കിയിരിപ്പ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. പന്ത്രണ്ട് മാസം വാറന്റിയാണ് കമ്പനി ലഭ്യമാക്കിയിട്ടുള്ളത്. നാളിതുവരെ കേടായ എത്ര വിളക്കുകൾ കമ്പനി മാറ്റി നൽകിയിട്ടുണ്ടെന്നും ഇവയിൽ എത്രയെണ്ണം മാറ്റി സ്ഥാപിച്ചെന്നുമുള്ള വിവരങ്ങൾ രജിസ്റ്ററിൽ ഇല്ല.

3. 4926 വിളക്കുകളാണ് വാങ്ങിയിട്ടുള്ളതെങ്കിലും കരാറുകാരന് 5093 വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള തുക നൽകി.

4. ടെണ്ടർ പരസ്യത്തിലെ നിബന്ധനകൾ പ്രകാരം കരാറുകാരൻ പഞ്ചായത്തിൽനിന്ന് വിളക്കുകളും മറ്റ് ഉപകരണങ്ങളും കൈപ്പറേണ്ടതും, റിപ്പയർ ആവശ്യമുള്ളവ സൈറ്റിൽ വച്ചുതന്നെ അറ്റകുറ്റപ്പണി നടത്തി പുന:സ്ഥാപിക്കേണ്ടതും, എ4 സെക്ഷൻ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ മെറ്റീരിയൽസിന്റെ കൈപ്പറ്റ് രേഖപ്പെടുത്തേണ്ടതും ആണ്. കൂടാതെ ഒരോ വിളക്കും അറ്റകുറ്റപ്പണി ചെയ്യുന്നതിനുപയോഗിച്ച മെറ്റീരിയൽസ്, ഉപയോഗിച്ച ഫ്യൂസ് സെറ്റുകൾ എന്നിവയുടെ വിവരം പ്രത്യേകം രേഖപ്പടുത്തേണ്ടതുമാണ്. എന്നാൽ മേൽപ്പറഞ്ഞ നിബന്ധനകൾ പാലിച്ചിട്ടില്ല. വാങ്ങിയ വിളക്കുകളെല്ലാം വാർഡ് മെമ്പർമാരാണ് കൈപ്പറ്റിയിട്ടുള്ളത്.

5. തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്താനായി വാങ്ങിയ ചുവടെ പറയുന്ന ഇനങ്ങൾ വാർഡ് മെമ്പർമാർക്ക് നൽകി.

1.5mm അലൂമിനിയം വയർ -116 Coil

2.5mm അലൂമിനിയം വയർ -7 Coil

പെൻഡന്റ് ഹോൾഡർ - 2211

പെൻഡന്റ് ഹോൾഡർ ആങ്കർ - 510

പിവിസി ഷേഡ് - 90

അലൂമിനിയം ഷേഡ് -60

മേൽപ്പറഞ്ഞ ഉപകരണങ്ങൾ എന്തടിസ്ഥാനത്തിലാണ് വാർഡ് മെമ്പർമാർക്ക് കൈമാറിയതതെന്ന് വ്യക്തമല്ല. കൂടാതെ, ഇവ എത്രയെണ്ണം ഉപയോഗിച്ചു, നീക്കിയിരിപ്പ് എത്ര എന്നീ വിവരങ്ങളും ലഭ്യമല്ല.

6. 4926 വിളക്കുകൾ പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനുള്ള തുക കൂടാതെ 167 വിളക്കുകളുടെ തുകയായ 10521 രൂപകൂടി കരാറുകാരനു നൽകിയിട്ടുണ്ട്. വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതു പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. അറ്റകുറ്റപ്പണികൾ മാത്രം ആവശ്യമായ വിളക്കുകൾ ഉണ്ടായിരുന്നോ എന്നും, ഇതിന് ഏതു നിരക്കിലാണ് പ്രതിഫലം നൽകിയതെന്നും പരിശോധിക്കാനാവശ്യമായ വിവരങ്ങൾ ഫയലിൽ ഇല്ല.

അപാകതകൾ ഓഡിറ്റ് എൻകെയറി (നം.27/14.10.2025) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് അധികമായി 10521 രൂപ നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനൽ ടി തുക തടസ്സത്തിൽ വയ്ക്കുന്നു.


1-26 ഗുണനിലവാരമില്ലാത്ത അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തു

പ്രോജക്ടിന്റെ നം, പേര്	:	56/2025 – അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം
അടങ്കൽ	:	3300000
ഫണ്ട്	:	വികസനഫണ്ട് (ജനറൽ)

ചെലവ്	:	2861280
നിർവ്വഹണം	:	ഐ.സി.ഡി.എസ് സൂപ്പർവൈസർ

അങ്കണവാടികൾ മുഖേന ഗുണനിലവാരമില്ലാത്ത അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തു. 2024-25 സാമ്പത്തിക വർഷം അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അപർണ്ണ ന്യൂട്രിമിക്സ്, കല്ലുങ്കൽ പി.ഒ., തിരുവല്ല എന്ന സ്ഥാപനത്തിൽനിന്ന് വാങ്ങി വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സ് ആണ് ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ടത്.

അപർണ്ണ ന്യൂട്രിമിക്സ് യൂണിറ്റിൽനിന്ന് 11.07.2024-ൽ ശേഖരിച്ച ന്യൂട്രിമിക്സ് സാമ്പിൾ, തിരുവനന്തപുരത്തുള്ള ഗവ.അനലിസ്റ്റ് ലാബിൽ പരിശോധിച്ചതിന്റെ ടെസ്റ്റ് റിപ്പോർട്ട് (No.1134 Part B 2024-25 തീയതി 02.08.2024) ലഭ്യമാണ്. പരിശോധനയ്ക്ക് വിധേയമാക്കിയ ന്യൂട്രിമിക്സ് സാമ്പിൾ Food Safety And Standards (Foods For Infant Nutrition) Regulations 2020 Chapter 3 ലെ Regulation 9 പ്രകാരമുള്ള നിബന്ധനകൾപാലിക്കുന്നില്ലെന്നും, അതിനാൽ Food Safety And Standards Act 2006 ലെ വകുപ്പ് 3(1) (Zx) പ്രകാരം ഗുണനിലവാരമില്ലാത്തതാണെന്നും ഫുഡ് അനലിസ്റ്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.



TEST REPORT


Description of Sample: Amrutham Nutrimix

Label: AMRUTHAM NUTRIMIX, List of Ingredients: Present, Nutritional Information: Present, Veg logo: Present, FSSAI Logo: Present, Manufacturer: Aparna Nutrients, Kallukal P.O., Thiruvalla 689541, Licence No: 11316003000196, Net Quantity: 500g, Batch Number: 05, Pkd on: 09Jul24, Best before: 3 months from the date of packing.

Source: Aparna Nutrients, Kallukal P.O., Thiruvalla
Date of Receipt: 11.7.24
Date of analysis: Started on 17.7.24 and completed on 31.7.24
Sample quantity: 500g
Physical Appearance: Sample is off white coloured fine powder received in sealed plastic packet

Analytical results:

Sl. No.	Quality Characteristics	Name of method of test used	Result	Prescribed Standard as per Regulation 9 of chapter 3 (Infant Food) of Food Safety and Standards (Foods for Infant Nutrition) Regulation 2020
1	Fungus infestation	GAL/FS(M)/SOP/VISUAL/01/2021	Absent	Shall be Absent
2	Dead & Living insects & larvae	IS 6261: 1971 ,2020	Absent	Shall be absent
3	Rodent hair and excreta	IS 6261: 1971 , 2020	Absent	Shall be absent
4	Moisture per cent by weight	FSSAI manual Cereals & Cereal Products 03.006:23	3.76 percent	Not more than 5.(per cent by weig
5	Total protein per cent by weight	FSSAI 03.017:2023	15.65 percent	Not less than 15 per cent by wei
6	Total Ash per cent by weight	FSSAI manual Cereals & Cereal Products 03.011:23	2.38 percent	Not more than per cent by we



The said sample does not conform to the standards prescribed for Processed Cereal based Complementary Food failing under Regulation 9, Chapter 3 of Food Safety and Standards (Foods for Infant Nutrition) Regulations 2020 and is therefore **substandard** as per Section 3(1)(zx) of Food Safety and Standards Act 2006.

Note: 1. The test report relates to the tested parameters only.
2. The results apply to the sample as received.
3. Report shall not be reproduced except in full without approval of the laboratory.
4. In test report the decision rule of the laboratory is applied as and when required.
5. Complete report comprises of Part A and Part B

RAMLA BEEVI K.A
FOOD ANALYST
Analyst Laboratory
Thiruvananthapuram

ഗവ.അനലിസ്റ്റ് ലാബിൽനിന്നും ലഭിച്ച റിപ്പോർട്ടിന്റെ പകർപ്പ്

പ്രസ്തുത ടെസ്റ്റ് റിപ്പോർട്ട് ലഭിച്ചതിനുശേഷവും ടി സ്ഥാപനത്തിൽനിന്നുതന്നെ ന്യൂട്രിമിക്സ് വാങ്ങി സാമ്പത്തിക വർഷാവസാനം വരെ വിതരണം ചെയ്തു. ന്യൂട്രിമിക്സിന് ഗുണനിലവാരമില്ലാത്ത വിവരം നിർവ്വഹണ ഉദ്യോഗസ്ഥ ഗ്രാമപ്പഞ്ചായത്ത് അധികൃതരെയോ ഭക്ഷ്യ സുരക്ഷാ വകുപ്പിനെയോ അറിയിച്ചില്ല.

ഓഡിറ്റ് എൻകൗയറി (നം.35/16.10.2025) മുഖേന ഈ വിഷയം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തി. ടെസ്റ്റ് റിപ്പോർട്ടിന്റെ വിവരം പഞ്ചായത്ത് അധികൃതരെ ധരിപ്പിക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. കൂടാതെ, പ്രസ്തുത

സ്ഥാപനത്തിൽനിന്നുള്ള സാംപിൾ 09/2025-ൽ പരിശോധിച്ചതിന്റെ റിപ്പോർട്ടും ഹാജരാക്കി. എന്നാൽ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ടെന്ന റിപ്പോർട്ട് ലഭിച്ച ശേഷവും ന്യൂട്രിമിക്സ് വാങ്ങിയതിന്റെ കാരണം വിശദീകരിച്ചില്ല.

അങ്കണവാടികൾ മുഖേന വിതരണം ചെയ്യപ്പെടുന്ന പോഷകാഹാരം വൃത്തിയും ഗുണമേന്മയും പുലർത്തുന്നതാണെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ഐ.സി.ഡി.എസ് സൂപ്പർവൈസർക്കുണ്ട്. ഈ വിഷയത്തിൽ വനിതാ ശിശുവികസന വകുപ്പ് മുഖേന അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-27 എള്ളുംവിള അങ്കണവാടിയുടെ വാടക – വകുപ്പിൽനിന്ന് ലഭിക്കുന്ന തുക അപര്യാപ്തം

ഗ്രാമപ്പഞ്ചായത്തിൽ അഞ്ച് അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇവയുടെ വാടകയായി പ്രതിമാസം 2000 രൂപ സർക്കാർ നൽകുന്നുണ്ട്. എന്നാൽ എള്ളുംവിള അങ്കണവാടിക്ക് (നം.67) 2500 രൂപയാണ് പ്രതിമാസ വാടക. വകുപ്പിൽനിന്ന് ലഭിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികം വേണ്ടിവരുന്ന അഞ്ഞൂറ് രൂപ ടി അങ്കണവാടിയിലെ വർക്കർ തന്നെ നൽകിവരുന്നതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചു.

'വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ സംബന്ധിച്ചിടത്തോളം, കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനം വഹിക്കേണ്ടതാണ് ' എന്നും അങ്കണവാടിക്കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ (സർക്കുലർ നം.31055/DC2/2011/ത.സ്വ.ഭ.വ തീയതി 22.03.2011) നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക വാർഷിക പദ്ധതിയുടെ ഭാഗമായി കണ്ടെത്തേണ്ടതാണെന്നും ഇതിന് വികസനഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട് എന്നിവ അതത് ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കാവുന്നതാണെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ പറയുന്നു.

എള്ളുംവിള അങ്കണവാടിക്ക് വാടകയിനത്തിൽ അധികമായി നൽകേണ്ടിവരുന്ന തുക പഞ്ചായത്തിൽനിന്ന് അനുവദിക്കേണ്ടതാണ്. ടിയിനത്തിൽ വർക്കറുടെ കൈയ്യിൽ നിന്നും ചെലവഴിച്ച തുക തിരികെ നൽകേണ്ടതുമാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-28 അങ്കണവാടികളുടെ കണ്ടിജൻസി ചെലവുകൾ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

2024-25 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ വിവിധ അങ്കണവാടികളുടെ വെള്ളക്കരം, വൈദ്യുത ചാർജ്ജ്, എൽ.പി.ജി. വില മുതലായ കണ്ടിജൻസി ചെലവുകൾ അതത് അങ്കണവാടി വർക്കർമാർ വഹിക്കുകയും പിന്നീട് പഞ്ചായത്തിൽനിന്ന് തിരികെ നൽകുകയും ചെയ്യുന്നതായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കുള്ള തുക അനുവദിക്കുന്നതിന് ലളിതമായ നടപടിക്രമം ജി.ഒ.(എം.എസ്.) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018 മുഖേന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അത് ഇപ്രകാരമാണ്.

1. തദ്ദേശഭരണ സ്ഥാപനത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികൾ സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകളുടെ (കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ചെലിഫോൺ, ഇന്റർനെറ്റ് ചാർജ്ജ്) ആവശ്യകത പട്ടിക തയ്യാറാക്കി തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകണം.
2. ആവശ്യം പരിഗണിച്ച് ഒരു നടപടിക്രമ ഉത്തരവിലൂടെ എല്ലാ സ്ഥാപന മേലധികാരികൾക്കും തുക അനുവദിക്കേണ്ടതാണ്.

3. ഇതിനാവശ്യമായ തുക തദ്ദേശഭരണ സ്ഥാപനത്തിന്റെ തനതുഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ്/നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽനിന്നും കണ്ടെത്തേണ്ടതാണ്.
4. അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും, ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ സ്ഥാപന മേധാവിതന്നെ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഈ വിഷയം ഓഡിറ്റ് എൻകൗയറി (നം.37/16.10.2025) മുഖേന ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കണ്ടിജൻസി ചെലവുകൾക്ക് മതിയായ ഫണ്ട് പഞ്ചായത്തിൽ ലഭ്യമായിരിക്കെ, ഘടക സ്ഥാപനങ്ങളുടെ ചെലവുകൾ ജീവനക്കാർ മുഖേന നടത്തുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ചെലവിന്റെ നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും, ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുന്നതിനുമായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

1-29 മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു

പ്രോജക്ടിന്റെ നം., പേര്	:	51/2025 – ' ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ '
അടങ്കൽ	:	150000
ഫണ്ട്	:	വികസനഫണ്ട് (ജനറൽ)
ചെലവ്	:	150000
നിർവ്വഹണം	:	സെക്രട്ടറി

2024-25 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ ' ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ ' (51/2025) എന്ന പ്രോജക്ട് പ്രകാരം മരുന്നുകളുടെ വിലയായി ഹോംകോയിലേക്ക് 150000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. 76974 രൂപയുടെ മരുന്നുകൾ ലഭിച്ചതായി മെഡിക്കൽ ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടുണ്ടോ എന്ന വിവരത്തിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻകൗയറി (നം.29/2025 14.10.2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 73026 രൂപയ്ക്കുള്ള മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-30 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനു ധനസഹായം നൽകുന്നതിനായി 2022-23-ൽ ആവിഷ്കരിക്കപ്പെട്ട പ്രോജക്ട് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. അസിസ്റ്റന്റ് സെക്രട്ടറിയാണ് പ്രോജക്ട് നടപ്പിലാക്കിയത്. ഒന്നും രണ്ടും ഗഡു കൈപ്പറ്റിയ, ചുവടെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

ക്രമ നം	രക്ഷിതാവിന്റെ പേര്	കൈപ്പറ്റിയ തുക	കൈപ്പറ്റിയ ഗഡു
1	അജയൻ	50000	1
2	രാജമ്മ	125000	1 & 2

മേല്പറഞ്ഞ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻകൗയറി (നം.08/08.10.2025)-ക്ക് 16.12.2022-ൽ അഡ്വാൻസ് കൈപ്പറ്റിയ ശ്രീ.അജയൻ മരണപ്പെട്ടെന്നും,

ടിയാളുടെ ഭാര്യയ്ക്ക് രണ്ടാം ഗഡുവായി 75000 രൂപ നൽകിയിട്ടുണ്ടെന്നും, പഠനമുറി നിർമ്മാണം നടക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി.

ശ്രീമതി രാജമ്മ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടിക്ക് ശുപാർശ ചെയ്യാൻ രണ്ടു തവണ പഞ്ചായത്ത് കമ്മറ്റിയിൽ അജണ്ട വച്ചെങ്കിലും, ടിയാൾക്ക് നിർമ്മാണം പൂർത്തീകരിക്കാൻ സമയം നീട്ടിനൽകാൻ കമ്മറ്റി തീരുമാനിച്ചതായി മറുപടി ലഭ്യമാക്കി.

പഠനമുറി നിർമ്മാണത്തിന്റെ പുരോഗതി നിരീക്ഷിക്കേണ്ടതും, പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്.

1-31 ലൈഫ് ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ വിവിധ വർഷങ്ങളിലായി തുക കൈപ്പറ്റിയ 14 ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീക്കരിക്കുന്നതിനോ, മുൻകൂറായി നൽകിയ തുകകൾ തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് 33/16.10.2025 നമ്പരായി ഓഡിറ്റ് എൻകുയറി നൽകുകയുണ്ടായി. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാഞ്ഞതിന്റെ കാരണവും സ്വീകരിച്ച നടപടികളും വ്യക്തമാക്കി നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ലൈഫ് 2020-എസ്.സി.പി

ക്രമ നം.	ഗുണഭോക്താവിന്റെ വിവരങ്ങൾ	ആകെ കൈപ്പറ്റിയ തുക	അവസാനം തുക കൈപ്പറ്റിയ തീയതി	വി.ഇ.ഒ. ലഭ്യമാക്കിയ മറുപടി
1	ഗോമതി, തെക്കടത്ത് പടിഞ്ഞാറ്റതിൽ, കടമ്പനാട് തെക്ക്	300000	07.02.2024	സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിർമ്മാണം പൂർത്തിയാക്കാൻ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.
2	ബിന്ദു, മിനിഭവനം, കടമ്പനാട് തെക്ക്	200000	20.12.2023	സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിർമ്മാണം പൂർത്തിയാക്കാൻ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.
3	രതി ഐ., ലതാ മന്ദിരം, തുവയൂർ തെക്ക്	300000	26.03.2024	മേൽക്കൂര വാർത്തിട്ടുണ്ട്. 2025 ഡിസംബർ 31 നകം പണി പൂർത്തികരിക്കുന്നതാണ്.
4	മിനി, വിനിൽ ഭവനം, കടമ്പനാട് തെക്ക്	200000	07.02.2024	സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിർമ്മാണം പൂർത്തിയാക്കാൻ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.

2. എസ്.സി. അഡീഷണൽ

ക്രമ നം.	ഗുണഭോക്താവിന്റെ വിവരങ്ങൾ	ആകെ കൈപ്പറ്റിയ തുക	അവസാനം തുക കൈപ്പറ്റിയ തീയതി	വി.ഇ.ഒ. ലഭ്യമാക്കിയ മറുപടി
1	സുനിൽ റ്റി., പ്ലാവിള കിഴക്കേതിൽ, കടമ്പനാട് വടക്ക്	200000	2020-21	ഗുണഭോക്താവ് മരണപ്പെട്ടു
2	രഞ്ജിത്ത്, രഞ്ജിത്ത് ഭവനം, തുവയൂർ തെക്ക്	200000	11.08.2022	സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിർമ്മാണം പൂർത്തിയാക്കാൻ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.
3	സിനിമോൾ, ചെറുകോട്ട് പടിഞ്ഞാറ്റതിൽ, മണ്ണടി	40000	26.02.2021	റവന്യൂ റിക്കവറി നടപടികൾക്ക് തീരുമാനം എടുത്തിട്ടുണ്ട്.
4	ലക്ഷ്മിക്കൂട്ടി, തെറ്റിമുകളിൽ ചരുവിൽ, കടമ്പനാട്	40000	26.02.2021	റവന്യൂ റിക്കവറി നടപടികൾക്ക് തീരുമാനം എടുത്തിട്ടുണ്ട്.
5	സുരേഷ്, കോളനി നം.19, തുവയൂർ തെക്ക്	200000	30.06.2021	സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിർമ്മാണം പൂർത്തിയാക്കാൻ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.
6	സുധ, കോളനി നം.18, തുവയൂർ തെക്ക്	300000	25.03.2022	2025 ഡിസംബർ 31-നകം പൂർത്തീകരിക്കുന്നതാണ്.
7	ഗോപിക, നാലുതുണ്ടിൽ പടിഞ്ഞാറ്റതിൽ, കടമ്പനാട് തെക്ക്	200000	01.01.2024	സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിർമ്മാണം പൂർത്തിയാക്കാൻ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.
8	രമേശൻ, ബഥനാക്കുന്നിൽ, തുവയൂർ തെക്ക്	40000	23.03.2023	സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിർമ്മാണം പൂർത്തിയാക്കാൻ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.
9	സിന്ധു ബി., കൊച്ചുതുണ്ടിൽ പുത്തൻവീട്, തുവയൂർ തെക്ക്	40000	10.01.2023	സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിർമ്മാണം പൂർത്തിയാക്കാൻ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.

3. ലൈഫ് ജനറൽ

ക്രമ നം.	ഗുണഭോക്താവിന്റെ വിവരങ്ങൾ	ആകെ കൈപ്പറ്റിയ തുക	അവസാനം തുക കൈപ്പറ്റിയ തീയതി	വി.ഇ.ഒ. ലഭ്യമാക്കിയ മറുപടി
1	രാധാമണി, കുളത്തുംകരോട്ട് കിഴക്കേതിൽ, കടമ്പനാട്	200000	20.12.2023	സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിർമ്മാണം പൂർത്തിയാക്കാൻ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.

ഗുണഭോക്താക്കളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കാൻ തയ്യാറാകാത്തവരിൽ നിന്നും അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

1-32 റിക്കവറി തുക അസിസ്റ്റന്റ് എൻജിനീയറുടെ വ്യക്തിഗത അക്കൗണ്ടിലേയ്ക്ക് കൈമാറി

തനത് ഫണ്ട്/ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന റ്റി.ഡി.എസ് തുകകൾ ഗ്രാമപഞ്ചായത്ത് അക്കൗണ്ട്സ് വിഭാഗത്തിൽ നിന്നും എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ ഇ-ടെണ്ടർ ഫീസ് ഒടുക്കുന്നതിനായി ആരംഭിച്ച എസ്.ബി.ഐ. അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം. 390618735) ട്രാൻസ്ഫർ ചെയ്ത് നൽകുകയും പിന്നീട് ബന്ധപ്പെട്ട ഹെഡുകളിലേയ്ക്ക് ഒടുക്കുകയുമാണ് ചെയ്തുവരുന്നത്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2024-25 വാർഷിക പദ്ധതിയിലുൾപ്പെടുത്തി തനത് ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ വകയിരുത്തി ആവിഷ്കരിച്ച റെയിൻബോപടി-പെരുങ്ങോത്ത്പടി റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ റിക്കവറി കിഴിച്ചുള്ള ബിൽത്തുക കരാറുകാരനും റിക്കവറി തുക അസിസ്റ്റന്റ് എൻജിനീയറുടെ പേരിലും അനുവദിച്ചിരുന്നു.(ആകെ 294098, വൗച്ചർ നം-22401209/28.02/25). റിക്കവറി തുകയായ 9970 രൂപ (GST-4986, IT- 2492, KCWWF-2492) അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള എസ്.ബി.ഐ അക്കൗണ്ടിൽ ഒടുക്കുന്നതിന് പകരം അസിസ്റ്റന്റ് എൻജിനീയറുടെ വ്യക്തിഗത അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയത്. ഈ തുക ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻകൗയറി നൽകിയതിന് തുടർന്ന് 17/10/25-ന് റിക്കവറി തുകകൾ ഒടുക്കി അസിസ്റ്റന്റ് എൻജിനീയർ രേഖകൾ ഹാജരാക്കിയിരുന്നു. തുക ട്രാൻസ്ഫർ ചെയ്ത് നൽകിയതിൽ തെറ്റുപറ്റിയതാണന്ന് സെക്രട്ടറി മറുപടി നൽകി. വ്യക്തിഗത അക്കൗണ്ടിലേക്ക് തുക നൽകിയ നടപടി അതീവ ഗൗരവമുള്ളതാകുന്നു. ടി വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് എൻകൗയറി-31/15.10.25

1-33 മരാമത്ത് പ്രവൃത്തികൾ-റ്റി.ഡി.എസ് തുകകൾ യഥാസമയം ഒടുക്കുന്നില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2024-25 വാർഷിക പദ്ധതിയുടെ ഭാഗമായി തനത് ഫണ്ട്/ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച മരാമത്ത് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്ത റ്റി.ഡി.എസ്. തുകകൾ 26/09/25-ൽ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിന്നും എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിലേയ്ക്ക് നൽകിയത്. ബാങ്ക് അക്കൗണ്ടിൽ ശേഷിച്ചിരുന്ന ഈ തുകകൾ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 17/10/25-നാണ് തിരിച്ചടച്ചത്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ തിരിച്ചടയ്ക്കുവാൻ ശേഷിക്കുന്ന റ്റി.ഡി.എസ്. തുക കാണിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഇത് ഉൾപ്പെടുത്തിയിട്ടുമില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേര്	GST	IT	KCWWF	ആകെ
1	നിലമേൽ വലിയതോട് സംരക്ഷണം, 181/25	3056	1528	1528	6112
2	സെമിത്തേരിപ്പടി പാലവിളപ്പടി റോഡ് നിർമ്മാണം, 12/25	4536	2318	1318	8172
3	പൊതുകിണർ മെയിന്റനൻസ്, 182/25	3730	1865	1865	7460
4	50-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്,	4830	2415	2415	9660
5	തറയിൽപ്പടി മുടിയിൽപ്പടി റോഡ്, 42/25	4966	2482	2482	9930

അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന റ്റി.ഡി.എസ് തുകകൾ യഥാസമയം ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കേണ്ടതുമാണ്.

1-34 കരാറിൽ ഏർപ്പെടുവാൻ കാലതാമസം- ഫൈൻ ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തിയുടെ കരാറുകാരൻ യഥാസമയം കരാറിലേർപ്പെട്ടില്ലെങ്കിലും കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല. സെലക്ഷൻ നോട്ടീസ് (ലെറ്റർ ഓഫ് അക്സപ്റ്റൻസ്) തീയതി മുതൽ 14 പ്രവൃത്തി ദിവസം വരെ കരാറുകാരന് പിഴയില്ലാതെ കരാറിലേർപ്പെടാവുന്നതും, സാധിച്ചില്ലെങ്കിൽ തുടർന്നുള്ള പത്ത് പ്രവൃത്തി ദിവസ കാലയളവിനുള്ളിൽ കരാർ തുകയുടെ (പി.എ.സി) 1% തുക ഫൈൻ ഈടാക്കിക്കൊണ്ട് കരാറിലേർപ്പെടാവുന്നതുമാണ്(പി.ഡബ്ലൂ.ഡി മാനുവൽ, ഖ.2009-6). 2024-25 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹിച്ച ചുവടെ ചേർത്ത മരാമത്ത് പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയെങ്കിലും കരാറിൽ ഏർപ്പെടുന്നതിലുണ്ടായ കാലതാമസത്തിന് ഫൈൻ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് പേര്/ നം	കരാറുകാരൻ	അടങ്കൽ	പി.എ.സി	ലെറ്റർ ഓഫ് അക്സപ്റ്റൻസ് തീയതി	കരാർ തീയതി	ഈടാക്കേണ്ടിയിരുന്ന പിഴ
1	പടിപ്പുര വീട്ടിൽപ്പടി പാലവിളപ്പടി റോഡ് മെയിന്റനൻസ് 210/23-24	അജീഷ് എസ്	750000 MG	719825	22.01.24	27.02.24	7198

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. ഫൈൻ ഈടാക്കി വിശദാംശം രേഖകൾ സഹിതം അറിയിക്കേണ്ടതും പി.ഡബ്ലൂ.ഡി മാനുവലിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകുയറി – 43/17.10.25

1-35 മരാമത്ത് പ്രവൃത്തി പൂർത്തീകരിച്ചതിൽ കാലതാമസം-ഫൈൻ ഈടാക്കിയതിൽ കുറവ്

ഒരു പ്രവൃത്തിയുടെ പൂർത്തീകരണത്തിന് അനുവദനീയമായ കാലയളവിന് ശേഷമുള്ള കാലതാമസത്തിന് ഓരോ ആഴ്ചയിലും കരാർത്തുകയുടെ 0.1% നിരക്കിൽ നഷ്ടപരിഹാരമായി ഈടാക്കണമെന്നും ആയതിന്റെ പരമാവധി കരാർത്തുകയുടെ 10% ആയിരിക്കുമെന്നും 02.04.24-ലെ ജി.ഒ.(എം.എസ്.)നം. 21/24 പി.ഡബ്ല്യു.ഡി.ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ കരാറുകാരനിൽ നിന്നും കുറഞ്ഞതുക നഷ്ടപരിഹാരമായി ഈടാക്കി.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഓഫീസ് നവീകരണം എന്ന പ്രവൃത്തിക്ക് (221/24) നിശ്ചയിച്ച ആറുമാസ പൂർത്തീകരണ കാലയളവിന് ശേഷം മൂന്ന് മാസം കാലയളവ് നീട്ടി നൽകുന്നതിന് അപേക്ഷ നൽകിയിരുന്നു. എന്നാൽ കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കാതെ കാലയളവ് നീട്ടിനൽകിയിട്ടുണ്ട്. കാലയളവ് നീട്ടി നൽകിയതിന് ശേഷവും 73 ദിവസങ്ങൾക്കുശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചതെങ്കിലും മേൽസൂചന ഉത്തരവിൽ വ്യക്തമാക്കും പ്രകാരമുള്ള തുക നഷ്ടപരിഹാരമായി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ നം./പേര്	എസ്.ഒ. 221/24, അസി.എൻജിനീയറുടെ ഓഫീസ് നവീകരണം
വകയിരുത്തൽ	₹1466,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
എഗ്രീഡ് പി.എ.സി	₹1170156
കരാറുകാരന്റെ പേര്	ശ്രീ. ഷിബുകുമാർ
എഗ്രിമെന്റ് നം.	AGMT/03/AE/LID&EW/KBD/23-24 DTD.10.11.23
പ്രവൃത്തി സ്ഥലം കൈമാറിയത്	20.11.2023
പൂർത്തീകരണ കാലയളവ്	6 മാസം
പ്രവൃത്തി പൂർത്തീകരിച്ചത്	01.11.2024
ബിൽ നം/തീ. തുക	313/14.03.24 – ₹464474 419/24.03.24 – ₹ 509473 361/09.12.2024 – ₹214886

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസി.എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിനു മുൻപായി നൽകേണ്ടതാണെന്നും, കരാർ അതോറിറ്റിക്ക് പിഴയില്ലാതെ ഒരു പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള പരമാവധി സമയം അനുവദിക്കാവുന്നത് യഥാർത്ഥ പൂർത്തീകരണ കാലയളവിന്റ പകുതിയിലേക്ക് പരിമിതപ്പെടുത്തിയിരിക്കുന്നുവെന്നും കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആറുമാസം പൂർത്തീകരണകാലയളവ് നിശ്ചയിച്ച് 20.11.23-ന് പ്രവൃത്തിസ്ഥലം കരാറുകാരന് കൈമാറി നൽകിയതിനാൽ 19.05.24-ന് പൂർത്തീകരിക്കപ്പെടേണ്ടതായിരുന്നു. മൂന്ന് മാസം കാലയളവ് നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയതനുസരിച്ച് കാലയളവ് നീട്ടിനൽകിയിട്ടുണ്ട്. സപ്ലിമെന്ററി എഗ്രിമെന്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കാലയളവ് നീട്ടി നൽകിയതിന് ശേഷവും 73 ദിവസങ്ങൾക്കുശേഷമാണ്(20.08.24-01.11.2024) പ്രവൃത്തി പൂർത്തീകരിച്ചതെങ്കിലും മേൽസൂചന ഉത്തരവിൽ വ്യക്തമാക്കും പ്രകാരമുള്ള തുക നഷ്ടപരിഹാരമായി ഈടാക്കിയിട്ടില്ല. ഇതുകൂടാതെ ഓരോ മരാമത്ത് പ്രവൃത്തിയും തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ ഇൻഷ്വറൻസ് (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-, മാക്സിമം 5,00,000/-) എടുത്ത് സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിൽ വ്യവസ്ഥ (നം.6) ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷ്വറൻസ് എടുത്ത് രേഖകൾ

ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാർ കാലതാമസത്തിനും ഇൻഷുറൻസ് രേഖകൾ സമർപ്പിക്കാതിരിക്കുന്നതും ഉൾപ്പെടെ ഫൈൻ ഇനത്തിൽ ആകെ കുറവ് ചെയ്തത് 8215 രൂപയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

കരാർതുക	1170156
കരാർ പ്രകാരം പൂർത്തീകരണ കാലതാമസത്തിന് ഈടാക്കേണ്ടിയിരുന്ന ഫൈൻ	1170156x73/7x.1%=12203
ഇൻഷുറൻസ് ഹാജരാക്കാതിരുന്നതിന് ഈടാക്കേണ്ടിയരുന്ന ഫൈൻ	1170156x.2%= 2340
ആകെ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന ഫൈൻ തുക	12203+ 2340= 14543
ബില്ലിൽ നിന്നും ഫൈൻ ഇനത്തിൽ കുറവ് ചെയ്തത്	8215
ഫൈൻ ഈടാക്കുന്നതിലുണ്ടായ കുറവ്/കരാറുകാരന് അധികം നൽകിയ തുക	14543-8215= 6328

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക്, പ്രസ്തുത കരാറുകാരന് അറിയിപ്പ് നൽകി തുക പഞ്ചായത്തിൽ ഒടുക്കി അറിയിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. അധികമായി നൽകിയ തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-36 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസം- മെയിന്റനൻസ് ഗ്രാന്റ് ലാപ്സായത് 88.65 ലക്ഷം രൂപ

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വാർഷിക പദ്ധതിയിൽ 94 പുതിയ പ്രോജക്ടുകളും, 60 സ്പിൽ ഓവർ പ്രോജക്ടുകളും ഉൾപ്പടെ ആകെ 154 പ്രോജക്ടുകളാണുണ്ടായിരുന്നത്. ഇതിൽ 7 സ്പിൽ ഓവർ പ്രോജക്ടുകളും, 40 പുതിയ പ്രോജക്ടുകളും തൻവർഷം നടപ്പാക്കി ധനവിനിയോഗം നടത്തിയിട്ടില്ല. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച 8865838 രൂപ 2024-25 വർഷം നഷ്ടപ്പെട്ടു. 2020-21 മുതൽ 2024-25 വരെ ആകെ 22946909 രൂപയാണ് ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമായത്. വിശദാംശവും ചുവടെ ചേർക്കുന്നു.

വർഷം	വരവ്		ചെലവ്		നീക്കിയിരിപ്പ്		ആകെ ലാപ്സായ തുക
	MG-Road	MG- Non Road	MG-Road	MG- Non Road	MG-Road	MG-Non Road	
2020-21	10351000	3525000	9097526	3488621	1253474	36379	1289853
2021-22	10420737	4917843	9623104	4007780	797633	910063	1707696
2022-23	7974350	4614000	7338014	4585740	636336	28260	664596
2023-24	16156000	6472600	6446560	5763114	9709440	709486	10418926
2024-25	27452000	10998000	20605422	8978740	6846578	2019260	8865838
	72354087	30527443	53110626	26823995	19243461	3703448	22946909

പൂർത്തീകരിക്കാത്ത പ്രോജക്ടുകളിൽ 20 പ്രോജക്ടുകൾ 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ റിവിഷൻ പ്രോജക്ടുകളാണ്. പദ്ധതി രൂപീകരണ പ്രക്രിയയുടെ ഭാഗമാകാതെ റിവിഷൻ പ്രോജക്ടുകളിലൂടെ വാർഷിക പദ്ധതിയിലുൾപ്പെടുന്ന പ്രോജക്ടുകൾക്ക് ബന്ധപ്പെട്ട ഗ്രാമസഭകളുടെ സാധൂകരണം വാങ്ങുന്നില്ല. പ്രോജക്ടുകളുടെ എണ്ണം കൂടുന്നതും പദ്ധതി നിർവ്വഹണത്തിന് കാലതാമസത്തിനിടയാക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിയ്ക്ക് പ്രോജക്ടുകളുടെ എണ്ണക്കൂടുതൽ കാരണം പ്രോജക്ട് നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുന്നില്ലെന്നാണ് മറുപടി നൽകിയത്. മുൻ വർഷത്തെ 60 പ്രോജക്ടുകൾ സ്പിൽ ഓവറായി വാർഷിക പദ്ധതിയിലുൾപ്പെട്ടതാണ് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിനിടയാക്കിയത്. വാർഷിക പദ്ധതിയിലുൾപ്പെട്ട മരാമത്ത് പ്രവൃത്തികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കത്തക്ക വിധത്തിൽ പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നതിനും, അതനുസരിച്ച് പദ്ധതി നിർവ്വഹണം നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.
ഓഡിറ്റ് എൻകെയറി-22/15.10.25

1-37 പാർട്ട് ബിൽ നൽകിയ മരാമത്ത് പ്രവൃത്തി വാർഷിക പദ്ധതിയിൽ നിന്ന് ഒഴിവാക്കി

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആവിഷ്കരിച്ച മുടിപ്പുര ക്ഷേത്രം കാരിശ്ശേരിപ്പടി -ഹൈസ്ക്കൂൾ ജംങ്ഷൻ റോഡ് പുനരുദ്ധാരണം (വാർഡ് 7) എന്ന പ്രോജക്ടിന് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതത്തിൽ നിന്നും 6 ലക്ഷം രൂപ വകയിരുത്തിയിരുന്നു. തൻവർഷം 264402 രൂപ പാർട്ട് പേയ്മെന്റും നൽകിയിരുന്നു. 2023-24 വർഷം പ്രോജക്ട് സ്പിൽ ഓവറായി തുടർന്നുവെങ്കിലും പേയ്മെന്റ് നടത്തിയിട്ടില്ല. 2024-25 വാർഷിക പദ്ധതിയിൽ നിന്നും പ്രോജക്ട് ഒഴിവാക്കിയിട്ടുണ്ട്. പാർട്ട് പേയ്മെന്റ് നൽകിയ പ്രവൃത്തി വാർഷിക പദ്ധതിയിൽ നിന്ന് ഒഴിവാക്കിയതിന് കമ്മിറ്റി തീരുമാനവും വാങ്ങിയിട്ടില്ല. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തുടർന്ന് പ്രോജക്ട് ആവിഷ്കരിച്ചിട്ടുമില്ല. ഭാഗികമായി പൂർത്തീകരിച്ച് പാർട്ട് പേയ്മെന്റ് നൽകിയ പ്രവൃത്തി ഉപേക്ഷിക്കാനിടയായ സാഹചര്യം, ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ, കമ്മിറ്റി തീരുമാനത്തിന്റെ വിശദാംശം എന്നിവ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറിയ്ക്ക് (നം.23/14.10.25) കരാറുകാരൻ മരണപ്പെട്ടതിനാലാണ് പ്രോജക്ട് വാർഷിക പദ്ധതിയിൽ നിന്ന് ഒഴിവാക്കിയതെന്നാണ് മറുപടി നൽകിയത്. പ്രോജക്ട് ഒഴിവാക്കുന്നതിന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി വാങ്ങിയിട്ടില്ല. റോഡ് മെയിന്റനൻസ് പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുമില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

1-38 മണ്ണടി എൽ.പി.ബി. സ്കൂൾ പ്രവർത്തിക്കുന്നത് സമീപത്തെ ലൈബ്രറിയിൽ

മണ്ണടി എൽ.പി.ബി. സ്കൂൾ 1895-ൽ ആണ് സ്ഥാപിതമായത്. സ്കൂളിന്റെ ഓട് മേൽക്കൂരയുള്ള പ്രധാന കെട്ടിടത്തിന് ചോർച്ചയും ബലക്ഷയവും കാരണം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല. മാത്രമല്ല സ്കൂളിന്റെ കവാടത്തിൽ സ്ഥാപിച്ചിട്ടുള്ള കോൺക്രീറ്റ് കമാനവും ഇളകി അപകടാവസ്ഥയിലാണ്. ആയതിനാൽ എതിർവശത്തുള്ള ലൈബ്രറി കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. ലൈബ്രറി കെട്ടിടത്തിലെ സ്ഥലക്കുറവ് കുട്ടികളുടെ പഠനത്തെ ബാധിക്കുന്നുണ്ട്. കുട്ടികളും അധ്യാപകരും ഉച്ചഭക്ഷണം കഴിക്കുന്നതിനും വെള്ളം, ടോയ്ലറ്റ് സൗകര്യങ്ങൾക്കായും സ്കൂൾ കോമ്പൗണ്ടിൽ പ്രവേശിക്കാതെ പറ്റില്ല.

പദ്ധതി മാർഗ്ഗരേഖ നിർദ്ദേശിക്കും പ്രകാരം മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി സ്കൂളുകൾ ഉൾപ്പടെയുള്ള കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ക്യത്യമായി നടത്തിയിരുന്നുവെങ്കിൽ ഇപ്രകാരം ഒരവസ്ഥ ഈ സ്കൂളിന് ഉണ്ടാകുമായിരുന്നില്ല. 2024-25 വർഷം ജി.എൽ.പി.ജി.എസ് മണ്ണടി നവീകരണവും ചുറ്റുമതിൽ നിർമ്മാണവും എന്ന പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും മതിലിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനായി കോൺക്രീറ്റിനുമേൽ സ്റ്റീൽ വേലി ഘടിപ്പിക്കുന്നതും പിൻവശത്ത് ഗേറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുമാണ് ചെയ്തത്. സ്കൂളിന്റെ പ്രധാന കെട്ടിടം ചോർന്ന് മേൽക്കൂരയിലെ പട്ടികകൾ ദ്രവിച്ച അവസ്ഥയിലായിട്ടും സ്കൂളിന്റെ നവീകരണം നടന്നില്ല. സ്കൂളിന്റെ അറ്റകുറ്റപ്പണിയ്ക്കായി 2025-26 വർഷം പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും പ്രവൃത്തി നാളിതുവരെ

ആരംഭിച്ചിട്ടില്ല. സ്കൂളിന്റെ മെയിന്റനൻസ് പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുമെന്ന് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റും നിർവ്വഹണ ഉദ്യോഗസ്ഥനും അറിയിച്ചു. അസൗകര്യങ്ങൾ കാരണം കുട്ടികൾ സ്കൂളിൽ നിന്നും മാറിപ്പോകുന്ന അവസ്ഥയുണ്ടാകാതെ അടിയന്തിരമായി നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി സ്കൂൾ കെട്ടിടം പ്രവർത്തനക്ഷമമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-39 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

ആമുഖം

പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രധനകാര്യ മന്ത്രാലയം 15(2)FC-XV/FCD/20-25/16.07.2021 നമ്പർ ഉത്തരവ് പ്രകാരവും, സംസ്ഥാന സർക്കാർ സ.ഉ(സാധാ) നം. 2132/2022/LSGD; 31.08.2022 നമ്പർ ഉത്തരവ് പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് അവാർഡ് കാലയളവിൽ (2021-2026) തുക വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കർമ്മപദ്ധതിയിലെ ചില പ്രവർത്തനങ്ങൾ എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ, കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നിവ മുഖേന നടത്തുന്നു. സ.ഉ.(സാധാ)നം.1625/2023/തസ്വഭവ; തീ. 09.08.2023 ഉത്തരവ് പ്രകാരം 2022-23-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശത്തിൽ ആറ് സ്കീമുകളിലായി പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

സ്കീം-1	കെട്ടിടങ്ങൾഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമിക്കുവാൻ സഹായം
സ്കീം-2	ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.
സ്കീം-3	ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
സ്കീം-4	ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ
സ്കീം-5	നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
സ്കീം-6	അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

ഇതിൽ, ഗ്രാമ പഞ്ചായത്തുകളിലെ ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 1, 3, 4 എന്നീ മൂന്ന് സ്കീമുകളിലായാണ് തുക ലഭിക്കുന്നത്.

കടമ്പനാട് ഗ്രാമ പഞ്ചായത്തിൽ ആരോഗ്യ കേന്ദ്രത്തിലും സബ്സെന്ററിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും എന്ന വിഷയം സംബന്ധിച്ച് അവലോകനം നടത്തുന്നതിനും ലഭിച്ച തുക ഫലപ്രദമായി വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനും ബഹു.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ 16.05.25-ലെ ഡി.കെ.എസ്.എ/201/PT1/2025 പ്രകാരം പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ,

ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് നൽകിയ എൻകയറികൾക്കുള്ള മറുപടി, പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഫയലുകൾ എന്നിവ വിശകലനം ചെയ്ത് തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കടമ്പനാട് ഗ്രാമപഞ്ചായത്തിൽ ഒരു പ്രധാന ആരോഗ്യ കേന്ദ്രവും തുവയൂർ സൗത്ത്, മണ്ണടി, കടമ്പനാട് സൗത്ത്, കടമ്പനാട് നോർത്ത് എന്നിവിടങ്ങളിലായി നാല് സബ്സെന്ററുകളും പ്രവർത്തിക്കുന്നു.

ഹെൽത്ത് ഗ്രാന്റ് – വരവ് ചെലവ് കണക്കുകൾ

ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

ക്രമ നം	ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ്			**ആകെ**	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്			**ആകെ**	**ബാലൻസ്**
		2022-23	2023-24	2024-25		2022-23	2023-24	2024-25		
1	Support For Diagnostic Infrastructure (KL-278)	268266	951971	404141	**1624378**	124541	642636	435556	**1202733**	421645
2	Grant For Rural Health & Wellness Centres (KL-281)	136893	398419	629296	**1164608**	71804	269946	185250	**527000**	637608
	ആകെ	**405158**	**1350390**	**1033437**	**2788985**	**196345**	**912582**	**620806**	**1729733**	**1059252**

സ്കീം 3, 4 പ്രകാരം ലഭിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് വിവിധ വർഷങ്ങളിൽ ഏറ്റെടുത്ത പ്രോജക്ടുകളുടേയും ചെലവിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു.

2022-23

പ്രോജക്ട് നം.	**പ്രോജക്ടിന്റെ പേര്**	**പ്രോജക്ടിന്റെ തരം**	**അടങ്കൽ തുക**	**ചെലവ്**	**ബാലൻസ്**
158	കടമ്പനാട് ഗ്രാമപഞ്ചായത്ത് ആരോഗ്യ ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ	New	135000	71804	63196
159	കടമ്പനാട് ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്ഥാപനങ്ങലിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	New	264733	124541	140192

2023-24

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	പ്രോജക്ടിന്റെ തരം	അടങ്കൽ തുക	ചെലവ്	ബാലൻസ്
151	കടമ്പനാട് ഗ്രാമപഞ്ചായത്ത് ആരോഗ്യ ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ	SO	63196	63196	0
152	കടമ്പനാട് ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്ഥാപനങ്ങലിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	SO	140192	140192	0
259	കടമ്പനാട് ഗ്രാമപഞ്ചായത്ത് ആരോഗ്യ ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ	New	392000	206750	185250
258	കടമ്പനാട് ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്ഥാപനങ്ങലിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	New	938000	502444	435556

2024-25

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	പ്രോജക്ടിന്റെ തരം	അടങ്കൽ തുക	ചെലവ്	ബാലൻസ്
225	കടമ്പനാട് ഗ്രാമപഞ്ചായത്ത് ആരോഗ്യ ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ	SO	185250	185250	0
226	കടമ്പനാട് ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്ഥാപനങ്ങലിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	SO	435556	435556	0
314	കടമ്പനാട് ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്ഥാപനങ്ങലിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	New	392000	0	392000

315	കടമ്പനാട് ഗ്രാമപഞ്ചായത്ത് ആരോഗ്യ ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ	New	624000	0	624000

ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം

മൂന്നു വർഷങ്ങളിലായി ലഭിച്ച ആകെ തുകയുടെ 62% ആണ് ചെലവഴിച്ചിട്ടുള്ളത്. രണ്ട് സ്കീമുകളിലായി ആകെ 10.59 ലക്ഷം രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്. ടി തുക വകയിരുത്തി പ്രോജക്കുകൾ ആവിഷ്കരിച്ച് തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-40 പ്രിന്റിങ് ചെലവുകൾ- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുള്ള പ്രിന്റിംഗ് ചെലവുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) 2024-25 വർഷം പ്രിന്റിംഗ് ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും ആകെ 244931 രൂപ ചെലവഴിച്ചിട്ടുണ്ട്. തൻ വർഷം പ്രിന്റിങ്ങിന് ടെണ്ടർ ചെയ്ത് നിരക്കുകൾ നിശ്ചയിച്ചിരുന്നില്ല. 2023-24 വർഷം വാർഷിക കരാർ നൽകിയ സ്ഥാപനത്തിന് തന്നെ പ്രിന്റിങ്ങിന്റെ ചുമതലയേൽപ്പിച്ചു. ഇത് സംബന്ധിച്ച് കമ്മിറ്റി തീരുമാനവും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2) തനത് ഫണ്ടിൽ നിന്നും ₹195030 (5307315, തീയതി:27-01-2025) ബിജു ലോഗോസിന് പ്രിന്റിങ് ചെലവായി നൽകിയിട്ടുണ്ട്. 2024-25 വാർഷിക പദ്ധതിയുടെ ഭാഗമായ ഗുണഭോക്താക്കൾക്കുള്ള അപേക്ഷ ഫോറം(15000 Copy- ₹ 162000, ഗ്രാമസഭാ നോട്ടീസ്(₹9350), ഗുണഭോക്തൃ ലിസ്റ്റ്(₹23680) എന്നിവ പ്രിന്റ് ചെയ്യുന്നതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി രൂപീകരണ നിർവ്വഹണ മോണിട്ടറിംഗ് ചെലവുകൾക്കായി വികസന ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ ഭാഗമാക്കാതെ പദ്ധതി നിർവ്വഹണ ചെലവുകൾ തനത് ഫണ്ടിൽ നിന്നും നൽകുന്നത് ക്രമപ്രകാരമല്ലാത്തതിനാൽ ചെലവഴിച്ച **195030 രൂപ തടസ്സപ്പെടുത്തുന്നു.**

3) ഗ്രാമപഞ്ചായത്തിലെ സംയോജിത വോട്ടർ പട്ടിക പ്രിന്റ് ചെയ്തതിന് ശിവപ്രിന്റ്, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിന് 25910 രൂപ നൽകിയിട്ടുണ്ട്. ഫയൽ നമ്പർ: 400383/DGCE18/General/2024/2815 പരിശോധിച്ചതിൽ 9ാം വാർഡ് മുതൽ 17ാം വാർഡ് വരെയുള്ള സംയോജിത വോട്ടർപട്ടികയുടെ ഒന്നും രണ്ടും ഭാഗങ്ങളുടെ 12320 പേജ് പ്രിന്റ് ചെയ്തതിന് പേജ് ഒന്നിന് 1.1 രൂപ നിരക്കിൽ 13552 രൂപ അനുവദിക്കാമെന്നും രേഖകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടെന്നും 05/05/24-ൽ ക്ലാർക്ക് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ 10/06/24-ൽ അക്കൗണ്ടന്റ് 25910 രൂപയയുടെ പേയ്മെന്റ് ഓർഡർ ആണ് തയ്യാറാക്കിയത്. പുതിയ രേഖകൾ എൻക്ലോഷർ ആയി ചേർത്തിട്ടുണ്ട് എന്നും തുക അനുവദിക്കാമെന്നും പ്രസിഡന്റ് ഓതറൈസ് ചെയ്തത് പ്രകാരം 059849, തീയതി:13-06-2024 നമ്പർ ചെക്ക് പ്രകാരം തുക അനുവദിച്ചു. അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ശിവ പ്രിന്റ് എന്ന സ്ഥാപനത്തിന്റെ 05/06/24-ലെ ഇൻവോയ്സ് നം.182 പ്രകാരം വോട്ടേഴ്സ് ലിസ്റ്റ് 12320 പേജ് ₹ 1.1 നിരക്കിൽ പ്രിന്റ് ചെയ്തതിന് 13552 രൂപയുടെ ബിൽ സമർപ്പിച്ചിരുന്നു. ഇതാണ് ക്ലാർക്ക് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി സ്ഥാപനത്തിന്റെ ഇതേ നമ്പർ ഇൻവോയ്സ് (No.182) തീയതി 6/6/24-എന്ന് രേഖപ്പെടുത്തിയ മറ്റൊരു ബില്ലും ഫയലിലുണ്ട്. ഇതിൽ 23555 പേജ് പ്രിന്റ് ചെയ്തതിന് 25910 രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ കൃത്യത ആരും പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത് പ്രകാരം തുക അനുവദിക്കുകയും ചെയ്തു. വോട്ടർ പട്ടിക സ്റ്റോക്കിലെടുത്തിട്ടുമില്ല. ഒരേ ഇൻവോയ്സ് നമ്പരിൽ വ്യത്യസ്ഥ തീയതിയിലുള്ള ബില്ലുകൾ ഹാജരാക്കിയതും സാക്ഷ്യപ്പെടുത്താത്ത രേഖകളുടെ അടിസ്ഥാനത്തിൽ തുക നൽകിയതിനും വിശദീകരണം ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ **25910 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻകൃയറി(നം.15/13.10.25) നൽകിയിതിനെ തുടർന്ന് ഹാജരാക്കിയ കൃട്ടേഷൻ രേഖകൾ 2022-23 വർഷത്തേതാണ്, പ്രിന്റിങ്ങിന് ടെണ്ടർ ക്ഷണിക്കാതെ മുൻവർഷത്തെ സ്ഥാപനത്തിന് പ്രിന്റിംഗ് ചുമതല നൽകിയതിന് വിശദീകരണം ലഭിച്ചിട്ടില്ല. പദ്ധതി രൂപീകരണത്തിനായി വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാലാണ് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതന്നാണ് മറുപടി വൽകിയത്. എന്നാൽ ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചിട്ടുമില്ല. അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-41 തെരുവ് വിളക്കുകളുടെ മീറ്ററിങ്- കെ.എസ്.ഇ.ബി നിർദ്ദേശം പാലിച്ചില്ല

തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് ഗ്രാമപ്പഞ്ചായത്തിൽ പൂർത്തീകരിച്ചിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായി 2013-14 വർഷം ഗ്രാമപ്പഞ്ചായത്ത് 667800 രൂപ കേരള വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നുവെങ്കിലും പൂർത്തീകരണ രേഖകളില്ല. കെ.എസ്.ഇ.ബി ലഭ്യമാക്കുന്ന ബില്ലുകൾ പരിശോധിച്ചതിൽ 146130001024 എന്ന അൺമീറ്റേഡ് കൺസ്യൂമർ നമ്പർ പ്രകാരം മാത്രം പ്രതിമാസം 136400 രൂപയാണ് തനത് ഫണ്ടിൽ നിന്ന് പഞ്ചായത്ത് ഒടുക്കുന്നത്. ഇതുൾപ്പടെ കെ.എസ്.ഇ.ബി കടമ്പനാട് സെക്ഷനിൽ മാത്രം ഒടുക്കുന്നത് ഏകദേശം 2.1 ലക്ഷം രൂപയാണ്. മീറ്ററിംഗ് നടത്താത്ത തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ പഞ്ചായത്തിൽ ഇല്ല.
ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റ് സൺസ്യൂമർ നമ്പർ 1146130001024 മീറ്റർ ചെയ്തിട്ടില്ലെന്നും കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 സെക്ഷൻ 104(1) പ്രകാരം കൃത്യതയുള്ള മീറ്ററിലൂടെ അല്ലാതെ വൈദ്യുതി വിതരണം നടത്തുവാൻ പാടില്ലെന്നും ആയതിനാൽ ഈ കത്ത് കിട്ടി 15 ദിവസത്തിനകം സ്ട്രീറ്റ് ലൈൻ സർക്യൂട്ട് മീറ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കാണിച്ച് കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ്എഞ്ചിനീയറുടെ കത്ത് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെങ്കിലും തുടർനടപടികളുണ്ടായില്ല. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

1-42 ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം യാഥാർത്ഥ്യമായില്ല

ഗ്രാമപഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 2.5 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ട് 30 വർഷം ആയെങ്കിലും നാളിതുവരെ യാഥാർത്ഥ്യമാക്കുവാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് ബജറ്റിൽ എല്ലാ വർഷവും സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഫണ്ട് വകയിരുത്തുന്നുണ്ടെങ്കിലും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. പൈക്ക ഫണ്ടിനത്തിൽ ലഭിച്ച 5 ലക്ഷം രൂപ നിഷ്ക്രീയ നിക്ഷേപമായി വർഷങ്ങളായി തുടരുന്നു.

കായിക വകുപ്പിന്റെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി 2024 മാർച്ചിൽ കടമ്പനാട് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. സ്പോർട്ട്സ് കേരള ഫെഡറേഷനാണ് സ്റ്റേഡിയത്തിന്റെ നിർമ്മാണ ചുമതല. 2024 നവംബർ 20-ന് സ്റ്റേഡിയം നിർമ്മാണ ഉത്ഘാടനം കഴിഞ്ഞുവെങ്കിലും കരാർ ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി തുടരാൻ സാധിക്കില്ലെന്നറിയിച്ച് സ്പോർട്ട്സ് കേരള ഫൈഡറേഷന് കത്ത് നൽകിയിരുന്നു. ഇതേ തുടർന്ന് ആദ്യ കരാർ റദ്ദ് ചെയ്തിരുന്നു. വീണ്ടും ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. പഞ്ചായത്ത് നൽകേണ്ട വിഹിതം കണ്ടെത്തി സ്റ്റേഡിയം യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-43 ജലജീവൻ മിഷൻ - അവലോകനം

ഇന്ത്യയിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും വ്യക്തിഗത ഫങ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (FHTCs) വഴി സുരക്ഷിതമായതും ആവശ്യത്തിനുമുള്ള കുടിവെള്ളം എത്തിക്കുക എന്നതാണ് ജൽ ജീവൻ മിഷൻ (JJM) വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയിലൂടെ ജലസംരക്ഷണം, മഴവെള്ള സംഭരണം, റീചാർജ് ചെയ്യൽ, പുനരുപയോഗം തുടങ്ങിയ

പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. പൊതുസ്ഥാപനങ്ങളായ സ്കൂളുകൾ, അംഗനവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, വെൽനസ് സെന്ററുകൾ തുടങ്ങിയവയും പദ്ധതിയിൽ ഉൾപ്പെടുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ജലജീലൻ പദ്ധതിയുടെ നടത്തിപ്പിനായി എക്സിക്യുട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി-പത്തനംതിട്ടയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ തമ്മിലുള്ള ത്രികക്ഷി കരാർ 04/01/2022-ൽ ഒപ്പുവച്ചിട്ടുണ്ട്.

ജലജീവൻ മിഷന്റെ വെബ് സൈറ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജല ജിവൻ മിഷൻ പ്രവർത്തനങ്ങളുടെ സ്ഥിതി വിവര കണക്ക് ചുവടെ ചേർക്കുന്നു.

ആകെ ഗ്രാമീണ വീടുകൾ	7424
നിലവിലുള്ള മൊത്തം കണക്ഷൻ	3757
നൽകാനുള്ള കണക്ഷൻ	3667
JJM-ന് മുമ്പുണ്ടായിരുന്ന കണക്ഷൻ	1999 (01-04-2020 ന് മുൻപ്)
JJM തുടങ്ങിയശേഷം നൽകിയ കണക്ഷൻ	1758
ഭരണാനുമതി നൽകിയ കണക്ഷൻ	5380
ഭരണാനുമതി തുക(ലക്ഷം)	4827.53

ജലജീവൻ മിഷന്റെ വെബ് സൈറ്റിൽ നിന്നുള്ള കണക്കുകൾ പ്രകാരം നാളിതുവരെ നൽകിയ കണക്ഷനുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	കണക്ഷനുകൾ
2020-21	183
2021-22	848
2022-23	12
2023-24	418
2024-25	507

ഗ്രാമപഞ്ചായത്തിൽ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പ്രൊജക്ടിന്റെ ഭാഗമായി 2021 മുതൽ 2024-25 വരെയുള്ള കണക്കുകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻകവയറിയ്ക്ക് (നം.03) നൽകിയ മറുപടിയിന്മേൽ ഈ കാലയളവിൽ ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടില്ലെന്ന് അറിയിച്ചു. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മലങ്കാവിൽ 5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല ടാങ്ക് സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് വിഹിതമായി 50000 രൂപ നൽകിയിരുന്നു. ജലജീവൻ പദ്ധതിയുടെ ഭാഗമായി ഏത്ര മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ലായെന്നാണ് ഓഡിറ്റ് എൻകവയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ കീഴിലുള്ള ജൽജീവൻ കണക്ഷനുകളെ കുറിച്ചുള്ള സ്ഥിതി വിവര കണക്കുകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ട് തന്നെ ജൽജീവൻ പദ്ധതികളുടെ പുരോഗതി, ഫലപ്രാപ്തി എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ക്രമവിരുദ്ധമായി ലേലം ഉറപ്പിച്ചു നൽകി - പഞ്ചായത്തു ഫണ്ടിനു 10.22 ലക്ഷം രൂപ നഷ്ടം

2024-25 സാമ്പത്തിക വർഷം ഗോവിന്ദപുരം മാർക്കറ്റിലെയും നെല്ലിമുകൾ മാർക്കറ്റിലെയും മാട്ടിറച്ചി വ്യാപാരത്തിനുള്ള അവകാശം ലേലം ചെയ്തതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല. ലേല നോട്ടീസ് പ്രകാരമുള്ള നിബന്ധനകൾ പാലിക്കാത്ത വ്യക്തികൾക്ക് ലേലം സ്ഥിരപ്പെടുത്തി നൽകുകയും, ഇവർ ലേലത്തുക പൂർണ്ണമായി അടയ്ക്കാതെ കുടിശ്ശിക വരുത്തുകയും ചെയ്തു. 1021920 രൂപയാണ് പഞ്ചായത്തിന് നഷ്ടമായത്. ലേല രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ലേല വിവരം	ലേലം കൊണ്ടയാൾ	ആകെ തുക	ഇതുവരെ അടവാക്കിയ തുക	അടവാക്കാനുള്ള തുക
കടമ്പനാട് ഗോവിന്ദപുരം മാർക്കറ്റിൽ ഇറച്ചി വ്യാപാരം തീയതി: 16/03/2024	ബൈജു, പറമ്പിൽ പുത്തൻവീട്, പോരുവഴി, കൊല്ലം	ലേലത്തുക=1003000 CGST=90270 SGST= 90270 ആകെ=1183540	650000	533540
നെല്ലിമുകൾ പബ്ലിക് മാർക്കറ്റിൽ ഇറച്ചി വിൽപന തീയതി: 16/03/2024	റഹിം, കോട്ടയ്ക്കകത്തു വടക്കേതിൽ, പോരുവഴി	ലേലത്തുക=541000 CGST=48690 SGST= 48690 ആകെ=638380	150000	488380

ലേലാവകാശങ്ങൾ താല്ക്കാലികമായി സ്ഥിരപ്പെടുത്തിയാലുടൻതന്നെ ലേലത്തുക മൊത്തമായി കെട്ടിവയ്ക്കണ്ടതാണെന്ന് 06.03.2024-ലെ A6/2023-24-ാം നമ്പർ ലേല നോട്ടീസിലെ നിബന്ധനകളിൽ ക്രമ നം.7 ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, 16.03.2024-ൽ നടന്ന ലേലത്തിൽ, ഇപ്രകാരം തുക മുഴുവൻ ഒടുക്കാത്ത, മേൽപ്പറഞ്ഞ വ്യക്തികൾക്ക് ലേലം താത്കാലികമായി ഉറപ്പിച്ചു നൽകുകയും, 18.03.2024-ലെ പഞ്ചായത്ത് കമ്മറ്റി 1(1), 1(2) നമ്പർ തീരുമാനങ്ങൾ പ്രകാരം ലേലം സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തു. കമ്മറ്റിത്തീരുമാനം ചുവടെ ചേർക്കുന്നു.

തീരുമാനം നം.1(1)

"കടമ്പനാട് ഗ്രാമപഞ്ചായത്തിലെ 2024/25 വർഷത്തെ കടമ്പനാട് മാർക്കറ്റിലെ ഇറച്ചിലേലം 16/03/2024-ൽ നടത്തിയതിൽ കൂടുതൽ തുക രേഖപ്പെടുത്തിയ ശ്രീ.മിഥിലാജ്.എച്ച്, ആലിയുടെ തെക്കേതിൽ, ശൂരനാട് തെക്കേമുറി .പി.ഒ (10,03,000) എന്നയാളുടെ ലേലം കമ്മിറ്റി അംഗീകരിച്ചു. ടി തുക 3 തവണകളായി 251000 രൂപ വീതം 3 തവണകളായി ലേലത്തുക അടവാക്കുന്നതിന് ടിയാൾക്ക് നിർദ്ദേശം നൽകുന്നതിന് കമ്മിറ്റി തീരുമാനിച്ചു."

തീരുമാനം നം.1(2)

"കടമ്പനാട് ഗ്രാമപഞ്ചായത്തിലെ 2024/25 വർഷത്തെ നെല്ലിമുകൾ മാർക്കറ്റിലെ ഇറച്ചിലേലം 16/03/2024-ൽ നടത്തിയതിൽ കൂടുതൽ തുക രേഖപ്പെടുത്തിയ ശ്രീ.റഹീം, കോട്ടക്കകത്ത് വടക്കേതിൽ, പോരുവഴി.പി.ഒ (5,41,000) എന്നയാളുടെ ലേലം കമ്മിറ്റി അംഗീകരിച്ചു. ടി തുക 3 തവണകളായി 1,75,333 രൂപ വീതം 3 തവണകളായി ലേലത്തുക അടവാക്കുന്നതിന് ടിയാൾക്ക് നിർദ്ദേശം നൽകുന്നതിന് കമ്മിറ്റി തീരുമാനിച്ചു."

ലേലം സ്ഥിരപ്പെടുത്തുന്നതിനു മുൻപ് തുക പൂർണ്ണമായി ഒടുക്കാൻ സാധിക്കാത്തവർ തത്തുല്യമായ സോൾവൻസി ഹാജരാക്കണമെന്ന നിബന്ധന ലേല നോട്ടീസിൽ ഉൾപ്പെടുത്തിയിരുന്നില്ല. 200 രൂപ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണെന്നു ലേല വ്യവസ്ഥകളിൽ പറഞ്ഞിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടുമില്ല. 2023-24 സാമ്പത്തിക വർഷം ഇതേ അപാകത സംഭവിക്കുകയും അത് ഓഡിറ്റ് റിപ്പോർട്ടിൽ ന്യൂനതയായി ചൂണ്ടിക്കാട്ടുകയും ചെയ്തിട്ടുള്ളതാണ്. തൻവർഷത്തെ ലേല നടപടികളിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലൊന്നും അധികൃതർ സ്വീകരിച്ചില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.24/15.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേല നിബന്ധന പാലിക്കാത്ത വ്യക്തിക്ക് ലേലം സ്ഥിരപ്പെടുത്തി നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. 18.03.2024 കമ്മറ്റി എടുത്ത തെറ്റായ തീരുമാനത്തിന് സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയിട്ടില്ല. തെറ്റായ തീരുമാനം മൂലം പഞ്ചായത്ത് ഫണ്ടിനു 1021920 രൂപ നഷ്ടമായതിന് ഭരണസമിതിയംഗങ്ങളും സെക്രട്ടറിയും ഉത്തരവാദികളാണ്. ടി തുക ലേലക്കാരിൽനിന്നും ഈടാക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം, പഞ്ചായത്ത് ഫണ്ടിനുണ്ടായ **1021920 രൂപയുടെ നഷ്ടം** സെക്രട്ടറിയിൽനിന്നും, 18.03.2024-ലെ പഞ്ചായത്ത് കമ്മറ്റിയിൽ ഹാജരായ ജനപ്രതിനിധികളിൽനിന്നും ചാർജ്ജ് നടപടികളിലൂടെ തുല്യമായി ഈടാക്കുന്നതാണ്.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

മെഡിസെപ്പ് പ്രീമിയം ഒടുക്ക്(റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
18	107000	107000	0	

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
		NIL			

3 . മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
		NIL		

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്

		അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)			
		NIL			

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2024-25	164070	68	നെൽകൃഷി വികസനം	164070	0
		1770000	73	ലൈഫ് ഭവന നിർമ്മാണം ജനറൽ	1770000	0
		960000	77	ലൈഫ് ഭവനപദ്ധതി എസ്.സി.പി	960000	0
		204909	261	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	204909	0
		3098979			**3098979**	
ബ്ലോക്ക് പഞ്ചായത്ത്	2024-25	100000	77	ലൈഫ് ഭവനപദ്ധതി എസ്.സി.പി	100000	0
		199100	107	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	199100	0
		597124	261	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	597124	0
		896224			**896224**	
ആകെ		**3995203**			**3995203**	

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക

കെ.എസ്.ഇ.ബി.	വിവിധ വാർഡുകളിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 232/25	48145	0	48145
	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, 317/25	17007	0	17007

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെ ഉദ്ദേശം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കി ഉണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക	ആകെ	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക
ലൈഫ്	18575295	6053530	24628825	2002754	22626071

(മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയാണ് തൻവർഷം മുന്നിരിപ്പായി ചേർത്തിട്ടുള്ളത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നത് 22626071 രൂപയാണ്. വാർഷിക കണക്ക് 22678466 രൂപ, വ്യത്യാസം 52395 രൂപ)

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2006-07	3-11	2009-10	3-5-1	റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ	പരാമർശം നിലനിൽക്കുന്നു

2015-16	2-1	2016-17	അദ്ധ്യായം 5	വ്യപാരികളിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല	പരാമർശം നിലനിൽക്കുന്നു
2015-16	2-2	2016-17	അദ്ധ്യായം 5	സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല	പരാമർശം നിലനിൽക്കുന്നു
2015-16	2-3	2016-17	അദ്ധ്യായം 5	ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല	പരാമർശം നിലനിൽക്കുന്നു
2015-16	2-4	2016-17	അദ്ധ്യായം 5	ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്	പരാമർശം നിലനിൽക്കുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ	:	84022770
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	44786850
വരവിനങ്ങളിലുള്ള നഷ്ടം	:	**1021940**
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	**231461**

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-1 (1-16)	1021920	ശ്രീ.ജയൻ ജോണി, സെക്രട്ടറി ശ്രീമതി മണിയമ്മ മോഹൻ,മെമ്പർ, വാർഡ് 1 ശ്രീമതി ഷീജ കൃഷ്ണൻ , മെമ്പർ, വാർഡ് 2 ശ്രീ.നെൽസൺ ജോയ്സ്, മെമ്പർ, വാർഡ് 4 ശ്രീമതി പ്രിയങ്ക പ്രതാപ്, മെമ്പർ, വാർഡ് 5 ശ്രീമതി സിന്ധു.എസ്., മെമ്പർ, വാർഡ് 8 ശ്രീ.മാനപ്പള്ളിൽ മോഹനൻ, മെമ്പർ, വാർഡ് 10 ശ്രീ.വിഷ്ണു.വി.എൻ., മെമ്പർ, വാർഡ് 11 ശ്രീമതി സിന്ധു ദിലീപ്, മെമ്പർ, വാർഡ് 12 ശ്രീ.രാധാകൃഷ്ണൻ.എസ്., മെമ്പർ, വാർഡ് 13 ശ്രീ.ജോസ് തോമസ്, മെമ്പർ, വാർഡ് 14 ശ്രീ.പ്രസന്നകുമാർ, മെമ്പർ, വാർഡ് 15 ശ്രീമതി സാറാമ്മ ചെറിയാൻ, മെമ്പർ, വാർഡ് 16 ശ്രീമതി ചിത്ര രഞ്ജിത്ത്, മെമ്പർ, വാർഡ് 17 (14 പേർ തുല്യമായി @ 72996)

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-40(2)	195030	ശ്രീ.ജയൻ ജോണി, സെക്രട്ടറി
1-40(3)	25910	ശ്രീ.ജയൻ ജോണി, സെക്രട്ടറി
1-25	10521	ശ്രീ.ജയൻ ജോണി, സെക്രട്ടറി
ആകെ	**231461**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ശ്രീ.ജയൻ ജോണി, സെക്രട്ടറി	സെക്രട്ടറി, ആലപ്പാട് ഗ്രാമപ്പഞ്ചായത്ത്, കൊല്ലം.	പുതുമംഗലം, കോട്ടയ്ക്കകം, ചവറ പി.ഒ., കൊല്ലം
ശ്രീമതി മണിയമ്മ മോഹൻ,	മെമ്പർ, വാർഡ് 1	ചരുവിള തെക്കേതിൽ, കടമ്പനാട്.P.O-691552
ശ്രീമതി ഷീജ കൃഷ്ണൻ	മെമ്പർ, വാർഡ് 2	മോതിരചുള്ളിൽ, കടമ്പനാട് നോർത്ത്, കടമ്പനാട്.പി.ഒ-691552
ശ്രീ.നെൽസൺ ജോയ്സ്	മെമ്പർ, വാർഡ് 4	കൃപാലയം, തുവയൂർ, തുവയൂർ സൗത്ത് പി.ഒ-691552
ശ്രീമതി പ്രിയങ്ക പ്രതാപ്	മെമ്പർ, വാർഡ് 5	മുല്ലശ്ശേരിൽ വീട്, തുവയൂർ സൗത്ത് പി.ഒ-691552
ശ്രീമതി സിന്ധു.എസ്	മെമ്പർ, വാർഡ് 8	പിത്തൻകാലായിൽ, മണ്ണടി, മണ്ണടി.പി.ഒ-691530
ശ്രീ.മാനപ്പള്ളിൽ മോഹനൻ	മെമ്പർ, വാർഡ് 10	മാനപ്പള്ളിൽ, മണ്ണടി, മനാടി.P.O-691530
ശ്രീ.വിഷ്ണു.വി.എൻ.	മെമ്പർ, വാർഡ് 11	വിഷ്ണു ഭവൻ, മണ്ണടി, മണ്ണടി.പി.ഒ-691530
ശ്രീമതി സിന്ധു ദിലീപ്	മെമ്പർ, വാർഡ് 12	സൗപർണിക, തുവയൂർ സൗത്ത്. പി.ഒ. 691552
ശ്രീ.രാധാകൃഷ്ണൻ.എസ്	മെമ്പർ, വാർഡ് 13	കോന്നിലഴികത്ത് പടിഞ്ഞാറേതിൽ, കടമ്പനാട് സൗത്ത്.പി.ഒ-691553
ശ്രീ.ജോസ് തോമസ്	മെമ്പർ, വാർഡ് 14	വാഴപ്പള്ളിൽ പടിഞ്ഞാറ്റത്തിൽ, കടമ്പനാട് സൗത്ത് പി.ഒ-691553
ശ്രീ.പ്രസന്നകുമാർ	മെമ്പർ, വാർഡ് 15	ശ്രീരാഗം, കടമ്പനാട് സൗത്ത് പി.ഒ -691553
ശ്രീമതി സാറാമ്മ ചെറിയാൻ	മെമ്പർ, വാർഡ് 16	കുഴിത്തുണ്ടിൽ, കടമ്പനാട്, നെല്ലിമുകൾ.പി.ഒ – 691551
ശ്രീമതി ചിത്ര രഞ്ജിത്ത്	മെമ്പർ, വാർഡ് 17	ദീപം, കല്ലുകുഴി, കടമ്പനാട് പി.ഒ – 691552

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ
2003-04	എൽ.എഫ്.പി.റ്റി.എ.പി10/919/07 തീയതി: 30.11.2008	5
2006-07	എൽ.എഫ്.പി.റ്റി.എ.പി10/297/09 തീയതി: 08.09.2009	2
2007-08	എൽ.എഫ്.പി.റ്റി.എ.പി10/426/09 തീയതി: 16.09.2009/31.12.2009	2

2008-09	എൽ.എഫ്.പി.റ്റി.എ.പി4/169/11 തീയതി: 05.08.2011/24.11.2012	1
2015-16	കെ.എസ്.എ.പി.റ്റി.എ./പി10/ 1452/16 തീയതി: 24.12.2016	6
2016-17	കെ.എസ്.എ.പി.റ്റി.എ./പി10/ 1112/17 തീയതി: 15.09.2017	3
2018-19	കെ.എസ്.എ.പി.റ്റി.എ./പി10/ 781/19 തീയതി: 03.10.2019	2
2019-20	കെ.എസ്.എ.പി.റ്റി.എ./പി10/153/22 തീയതി: 26.02.2022	6
2020-21	കെ.എസ്.എ.പി.റ്റി.എ./പി10/624/22 തീയതി: 27.06.2022	39
2021-22	കെ.എസ്.എ.പി.റ്റി.എ./പി10/20/2023 തീയതി: 15/02/2023	39
2022-23	കെ.എസ്.എ.പി.റ്റി.എ./പി10/955/2023 തീയതി: 16.09.2023	24
2024-25	കെ.എസ്.എ.പി.റ്റി.എ./പി10/1108/2024 തീയതി: 07.11.2024	

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 10-06-2025 and submitted on 30-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the KADAMPANAD Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of KADAMPANAD Grama Panchayat as on 31-03-2025

Date: 25/11/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of KADAMPANAD Grama Panchayat for the Year 2024-2025.

1.Major Observations

1) The asset value shown in the Balance sheet is not traceable to the asset register due to the unsupported design of the existing asset register.

2.Other Observations

1) The mandatory financial statements such as Notes to Accounts and Ratios, as prescribed in Rule 62 of the Kerala Panchayat Raj Accounting Rules 2011, have not been submitted for audit.

2) Cash flow statement:- Net increase in Cash Flow Statement does not match with the difference between Opening Balance and Closing Balance of cash and cash equivalents.

3) The amount that has to be recouped to the Own Fund from MGNREGS is inaccurate.

4) The precision of amount shown in Schedule B-1 is not ascertained.

5) In Schdule B-11 (b), part bill amount of Public Works has not been recorded under the head of Capital Work-in-Progress.

6) Demand entries of Tax and Non tax revenues are not timely recorded.

7) Interest credited with Health grant accounts are not reflected in the Annual Financial Statement.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കടമ്പനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്